# Swamiye Sharanam Ayyappa!





**Guruvayur Ekadasi**



**Dec 9th. 2008**

**Narayaneeyam Day**



**Dec 13th. 2008**

**Kuchela Dinam**



**Dec 17th. 2008**

# നവനീതം NAVANEETHAM

വൃശ്ചികം 1184 / NOVEMBER 2008

# Om Namo Narayanaya: കൃഷ്ണാ ഗുരുവായൂരപ്പാ!



## Submitted at the lotus feet of Sri Guruvayoorappan by the devotees.

**Om Namo Bhagavathe Vasudevaya! കൃഷ്ണാ ഗുരുവായൂരപ്പാ! Om Namo Narayanaya:**

Navaneetham (freshly churned butter) is a humble attempt by Guruvayur Devotees Forum to create a monthly news letter for our group. Please send your comments, suggestions and any materials that you wish to publish to **editor@guruvayoor.com**

Hare Rama Hare Krishna!

# Guruvayoor Ekadasi and Mandala Vratham

**II Swamiye Sharanam Ayyappa II**

**Dear GuruDevs,**

**Malayalam month of Vrishchikam is very special and holy to all of us.**

**Guruvayur Ekadasi**

**December 9th is Guruvayoor Ekadasi. It was on the Guruvayur Ekadasi day that Lord Krishna revealed the Gita to Arjuna. Guruvayur Ekadasi is a very auspicious day and many devotees keep a Vratham by fasting. Chembai Music Festival is conducted in Guruvayur during this week.**

**Mandala Vratham and significance:**

**Mandalam starts on Nov 16th and the forty-one days of vrath is to force the mind to withdraw from attachments to worldly possessions and to direct it towards the absolute truth.**

**The difficult forest path to Sabarimala symbolizes the sacrifices required in spirituality quests. The coconut represents the human body, the outer shell of the coconut symbolizes ego, and the ghee is the atman (human soul). Coconuts have three eyes: two eyes represent the intellect and the third eye is the spiritual eye. The idol represents Brahman. The rear compartment of the Irumudi symbolizes 'Praarabdha Karma' (accumulated worldly possessions).**

**The devotee exhausts all the worldly possessions during the journey and reaches the Sannidhanam with the ghee filled coconut. The devotee opens the spiritual eye of the coconut, breaks the coconut and pours the ghee (Atman) on to the idol (Brahman). At this time, the devotee has detached the ego and worldly possessions. He or she has developed an attitude of total surrender to the Lord (infinite love for the Lord). Many millions of devotees will be visiting Sabari Mala to get darshan of Lord Ayyappan in the next two months.**

**Swamiye Saranam Ayyappa: Om Namo Narayanya:**
**May God Bless you always.**



*Krishnaa Gurupavayoorappa … Ellavareyum kaathu rakshikkane…… Samasthaparadhangalum Porukkane... Krishna Guruvayoorappa, Anantha Koti Pranamam.. Om Namo Bhagavthe Vasudevaya*

– **Sunil Menon** –

Mandalam starts on Nov 16th.
Guruvayur Ekadasi is on Dec 9th
Narayaneeyam Day is on Dec 13th
Kalabhattam is on Dec 16th
Kuchela Dinam is on Dec 17th

**Om Namo Narayanaya:**



# ഏകാദശി നാൾ

എ. പി. സുകുമാർ, കാനഡ

(Re-printed from 2006)

ഏകാദശി നാൾ ഗുരുവായൂരിലെൻ
പുണ്യങ്ങൾ പൂവണിഞ്ഞു
കണ്ണന്റെ കാലടി കാട്ടിത്തരുവാനെൻ
അച്ഛനും കൂടെ വന്നു
കൈവല്യരൂപമാർന്നവിടുത്തെ പാദങ്ങൾ
കാണുവാൻ വെമ്പി നിൽക്കേ
കേശാദിപാദം നിറച്ചന്ദനച്ചാർത്തെഴും
കണ്ണനാമുണ്ണിയെൻ മുന്നിൽ

ശ്രീകോവിൽ നടയിൽ ഞാൻ
നിർന്നിമേഷം നിന്നു
കൈയ്യൊന്നു കൂപ്പിയതില്ലാ
ആ തിരുമുഖമോർമ്മയുമില്ലാ
വീണങ്ങുടഞ്ഞതു കാലമോ
ഞാനെന്ന ഭാവമോ
ഏതെന്നറിഞ്ഞതുമില്ല

അച്ഛന്റെ കൈത്തുമ്പിലാദ്യം പിടിച്ചപോൽ
അച്ഛനെൻ കൈ പിടിക്കുന്നു
ഗുരുവായൂരപ്പനെ മുറുകെപ്പിടിക്ക നീ
എന്നു വിലോലനാവുന്നു

ചെമ്പൈ സ്വാമിതൻ സത്സ്വരണാനന്ദം
ഏങ്ങുമരങ്ങിൽ കൊഴുക്കേ
ഭക്തിലഹരിയാർന്നാ ഗാനലോലുപർ
സന്ദ്രാനന്ദം ജപിക്കേ
അച്ഛന്റെ പക്കമേളമായെന്റെ നാവും
ആയിരം നാമങ്ങൾ ചൊല്ലീ
ആ ശ്രീകോവിലിൽ ആനന്ദരാഗമായ്
ആനന്ദാശ്രു പൊഴിച്ചു
മനമാനന്ദാശ്രു പൊഴിച്ചു

# ഭക്തമീര



സാവിത്രി പുറം

ഗിരിധരഗോപാലാ! ഗീതാപ്രവാചകാ!
ഗിരിവരകന്യകാസോദരനേ!
ഭക്തമീര ഭക്തി സംവർധക കൃഷ്ണാ!
ഭക്തി വർധിക്കണേ മേൽക്കുമേലേ.

നന്ദവ്രജത്തിലേക്കാനയിക്കപ്പെട്ടൂ
നവവധുവാമൊരു പെൺകിടാവും
പനിനീർതളിച്ചുപോൽ പേമാരിത്തുമ്പിക്കൈ
പനിമതി മേഘത്തിൽ പൊയൊളിച്ചു.
മിന്നൽപ്പിണരുകൾ ദീപങ്ങൾ കത്തിച്ചു
മിന്നാമിനുങ്ങുകൾ മാല കോർത്തു
കാറ്റിന്റെയാരവം ആർപ്പുവിളികളായ്
കോൾമയിർക്കൊണ്ടിതു പെൺകിടാവും
കാറ്റത്തു വൃക്ഷങ്ങൾ ആടിയുലയുമ്പോൾ
കാർവർണ്ണനെത്തേടി കണ്ണുകളും
ദേവേന്ദ്രകോപമോ എന്തിതീ പേമാരി?
ദേവാ! ജഗന്നാഥാ! കാത്തീടേണേ!


കണ്ണുകൾ ചിമ്മിത്തുറന്നപ്പോൾ ബാലിക
കണ്ടു കാർവർണനെ ദൂരത്തായി
ഗോവർധനക്കുട കൈയ്യിൽപിടിച്ചതാ
ഗോകുലബാലനും പുഞ്ചിരിപ്പൂ

ഗോപികൾ ഗോക്കളും ഗോപകുമാരന്മാർ

ഗോകുലവാസികളൊക്കെയും താൻ
ഗോവർധനക്കീഴിൽ ആർത്തുല്ലസിക്കുന്നു
ഗോപാലൻ രക്ഷകനായി നിൽപൂ
കണ്ണിമവെട്ടാതെ നോക്കിനാൾ ബാലിക
കണ്ണനെയോർത്തോർത്തു കണ്ണടച്ചു
കാലവൃക്ഷക്കൊമ്പു പൊട്ടിവീണനേരം
കാർവർണനെയോർത്തു ബാല മാഞ്ഞു

ബാലിക ജന്മമെടുത്തതത്രെ വീണ്ടും
ബാലഗോപാലന്റെ മീരയായി!
ഗിരിധരധ്യാനനിരതയായ് മീരയും
ഗീതങ്ങളൊഴുകിയനർഗ്ഗളമായ്
ഭക്തമീര നൽകി ഭക്തിസംവർധക
ഭജനകൾ ഗീതങ്ങൾ ഭക്തർക്കായി
ഗിരിധരരൂപത്തെസ്സേവിച്ചും ധ്യാനിച്ചും
ഗിരിധരഗോപാലരൂപിയായി

ജയ ജയ ഗിരിധരഗോപാല! മാധവ!
ജയ ജയ ജയ ജയ ഭക്തമീര!
ജയ ജയ ഗിരിധരഗോപാല! മാധവ!
ജയ ജയ ജയ ജയ ഭക്തമീര!







# Ente Kannaa

**Shri Kunjunnithampuran** ( anjushasree@yahoo.com )

തൃക്കൈയ്യിൽ വെണ്ണയേന്തി തിരുമുടിയിൽ പീലി
ചാർത്തിത്തെളിഞ്ഞും
ചിത്താമോദം വളർത്തും തനുവിൽ സുരഭി
ച്ചന്ദനച്ചാർത്തണിഞ്ഞും
നിത്യം തൂമന്ദഹാസം വിടരുമൊരു മുഖം
കണ്ണുകൾക്കെത്ര പുണ്യം.
മൽക്കണ്ണാ! നിന്റെരൂപം മനതളിരിൽ
ഞാനെന്നുമേ കീടാവൂ.





## Guruvayur Ekadasi & this month's festivals in Guruvayoor

Source – wikipedia, Guruvayur Devaswom Web

Of the 24 Ekadasis in a year, the Vrishchika Ekadasi (Sukla paksha) has got special significance in Guruvayur. It falls in the Mandala season. The Ekadasi Vilakku starts a month before the Ekadasi day as offering by different persons, families and organisations. On Navami day, the Vilakku is lit with ghee as an offering by Kolady family. The Dasami Vilakku which used to be an offering of Zamorin Raja, is now conducted by Guruvayurappan Sankeerthana Trust. After the temple is open on this day for Nirmalya darshan ( 3.00AM ), it is closed only at 9.00 am on Dwadasi Day (12th day), thus allowing continues darshan for devotees throughout Dasami and Ekadasi Days. On Dwadasi day there is a custom of offering a token amount called Dwadasi Panam in Koothambalam for the welfare of the family.

Highlights of the Guruvayur Ekadasi are the memorial honour for Gajarajan Kesavan and the Chembai Sangeetholsavam. The Karanavar or head of the elephant family places a wreath at the statue of Kesavan in front of Sreevalsam guest house and all the other elephants stand around and pay obeisance. On Ekadasi day, the Udayasthamana Pooja (dawn to dusk pooja) is conducted by the Devaswom itself . After the morning seeveli, on Ekadasi there is a grant elephant procession to the Parthasarathi temple since it is regarded as Geethopadesam Day also. On Ekadasi after night pooja the famous Ekadasi Vilakku with elephant procession takes place and provides a fitting finale to the festival.


Guruvayur Ekadasi is on Dec 9th.

**CHEMBAI MUSIC FESTIVAL -** Is a part of Ekadasi festival is conducted for 12 days and attracts more than 2000 Carnatic musicians. This music festival is in commemoration of Chembai Vaidyanatha Bhagawathar who was a doyen of Carnatic music and an ardent devotee of the Lord Guruvayurappan.

Earlier it was a three day festival but with the phenomenal rise in the number of participants, the period was extended with artists of all types - young, old, novices, experts, vocalists and instrumentalists; all are allowed to participate. The highlights of the Utsavam is group singing of saint Thyagaraja's “Pancharatna Krithis” on Dasami day by several leading artists.

**NARAYANEEYAM DAY [13.12.2008]** The day on which Narayaneeyam was completed, 28th Vrichikam, is celebrated by the Devaswom as Narayaneeyam day. Discourses and debates on Narayaneeyam written by Melpathur take place. Special functions are held at Melpathur Illapparambu also.

**KUCHELADINAM [17.12.2008]** The first Wednesday of the month of Dhanu (December-january) is celebrated as Kuchela Dinam. It is based on the belief that it was on this day that Kuchela, an ardent devotee of Lord Krishna offered Avil (parched rice) to him and in return attained eternal bliss and material property . Avil offering is considered auspicious on this day.



# MOHAMUDHGARA-BAJAGOVINDAM OF SANKARA

DR. SAROJA RAMANUJAM, M.A., PH.D, SIROMANI IN SANSKRIT.

**Naareesthanbharanaabhee dhesam drshtvaa n maa gaa mohaavesam**
**Ethath maamsavasaadhivikaaram n manasi vichinthya vaaram vaaram**

Do not get deluded by seeing the physical beauty of women. What you see are nothing but the variations of flesh and blood. Contemplate on this again and again.

The three temptations that lead the man astray are, money women and land. It is termed as the **peNNaaSai**, desire for women, **ponnaaSai**, desire for gold and **maNNaaSai**, desire for land in Tamil. Sankara talked about the desire for wealth in the previous sloka and in this he mentions the desire for women. The physical body is only felsh and bones covered with skin and it is not something that brings perennial pleasure as the ohysical beauty will not stay for long. Sankara mentions this again in another sloka. Here he advises man to contemplate on the real nature of the physical body.

In order to achieve vithrshNa, freedom from desire, it is necessary to show that the most cherished desires of the mind are worthless. This Sankara accomplishes through a beautiful analogy.

**Nalineedhalagatham jalam athitharalam thadhvath jeevitham athisayachapalam**
**vidDhi vyaaDhyabhimaanagrastham lokam Sokahatham cha samastham**

A drop of water which finds its way on a lotus leaf trembles, runs hither and thither ' **nalinidhalagathajalam athi tharalam**,' only to fall back into the lake. Sankara compares it to human life, which is as fickle and as agitated. This is due to the **abhimana**, ego which makes a man to identify himself with body, mind and intellect and undergoes suffering.

Like a drop of water on a lotus leaf he imagines that he has an independent existence and runs here and there seeking happiness without realizing that his life is extremely fickle and short, ' **thadvath jeevitham athisaya chapalam'** compared to his whole existence as a part of the infinite, which is like the water in the lake. The drop of water came from the lake and after a very short stay on the leaf goes back to the lake to merge with it. So too, the span of one life is short and transitory. Even the short duration is not peaceful but wrought with disease and other afflictions due to ego-centric desires, **'viddhi vyaadhyabhimaanagrastham**.' Thus the life in the world is caught in the jaws of suffering and agony, **' lokam soka hatham cha samastham**,*'* which makes man run from pillar to post like the drop of water on the lotus leaf.

## Geeta Dhyanam



**Veena Nair**

|| Om Namo Narayanaya ||

In the previous verse in 3.32 Krishna says that whoever criticizes my teaching and does not practice it, will be deluded of all knowledge, will lose all discrimination, and will be doomed to destruction.

Then the question is that when Bhagwan Himself has declared this, why don't human beings practice His teaching? why do so many of us lead a life that is so far removed from his instructions?

**sadrusham cheshtate svasyah prakruter jnanavaan api**
**prakrutim yaanti bhutaani nigrahah kim karishyati || 3.33 ||**

Even a wise man (a man of knowledge) acts according to his own nature, for all beings follow their own nature. What can restraint accomplish?

Krishna suggests that even for the wise man, who has read the scriptures, and understands the truth about life and God, It is not always easy to exercise self-control and he acts according to his own vasanaas that have been etched into his mind over time. The mind is mightier than the will because we are constantly in the habit of giving it a free reign. It is so much easier for us to give in to our desires that bring about immediate pleasures, rather than controlling them for a more delayed albeit long lasting benefit.
The Upanishads say,

*A man is what his deep driving desire is.
As his deep driving desire is, so is his will.
As his will is, so is his deed.
As his deed is, so is his destiny.

**indriyasyendriyasyarthe raaga-dveshau vyavasthitau**
**tayor na vasham aagacchet tau hy asya paripanthinau || 3.34 ||**

Attraction and repulsion of the sense organs for the sense objects is natural, but none should come under the control of senses and their objects because they are one's foes.
The emphasis here is on self-control. To be masters of our desires and our fates!

**Eknath Easwaran makes a very interesting comparison - between Will and Desire. Will and Desire are competitors in a very long marathon extending over the length of our life. Desire is the one that has the upper hand – most of the time. Similar to a very powerful athlete, Desire is always itching to go. Then we have dear Mr. Will, mostly in bed, and we keep thinking that when required we will be able to rouse him from the bed. Little do we realize that only a genius can roll out of bed and win a competition, maybe a one in a million; for most of us ordinary mortals, it is important that we are in extremely good shape in order for us win our battles. Hence the need to fight our desires; as Eknathji says, when we have the desire to master our desires, that is the day we have taken a small step towards being really competitive in this marathon race.

**Shreyan sva-dharmo vigunaah para-dharmaat svanusthitaat**
**sva-dharme nidhanaam shreyah para-dharmo bhayaavahah || 3.35 ||**

Better one's own duty, even if it be without merit, than performing the duty of another howsoever nicely.
Better is death while doing one's own duty; the duty of another is filled with danger.

Swami Chinmayananda translates dharma as duty in this verse. Dharma means 'that which makes a thing what it is'. It is the dharma of fire to burn, of water to cool, of the sun to shine etc.
Here in this verse, dharma has been linked to duty because here it implies acting according to one's own natural instincts or vaasanas.
To quote Swamiji, "Swadharma means the type of vaasanas that one discovers in one's own mind". It is when we act against our natural aptitude and talents that we are the most miserable. So for example, when a music loving son becomes a doctor to please his father the end result is misery. Here music could be the career the son is built for, but engaging in para-dharma or in an area of work that is not attuned to his own nature leads to the misery. The import here is that, Arjuna, in spite of being a Kshatriya, a warrior prince, etc. was attempting to turn his back on a war he had every right to fight; refraining from war seemed to be the more attractive option. Krishna like a true teacher is offering a very broad explanation, generalizing not only to the case of Arjuna but to the world at large. A lesson for posterity.

"True and sincere surrender unto the Lord is the essence of Bhakti (God-love). 'I am Thine, All is Thine. Thy will be done, my Lord' – This is the best Saranaagathi Mantra or prayer of self-surrender. Seek His will. Do His will. Surrender to His will. You will become one with the Cosmic will." ...Swami Sivananda.

|| Hari Om ||

To be continued……………………

** Dialogue with Death. The Spiritual psychology of the Katha Upanishad. Eknath Easwaran (1981).

For excellent resources on the Geeta, visit

http://www.gitasupersite.iitk.ac.in/

http://sanskrit.safire.com/Sanskrit.html

http://www.vaisnava.cz/clanek_en.php3?no=24

## Where all Krishna lived and how long

### Balagopalan Ramakrishnan



Krishna stayed for three years and four months in Gokula. Since the residents of Gokula were being harassed by the demon friends of Kamsa such as Putana and Trinavarta they decided to move from Gokula. They first went to Chatikara and Vrindavana. They stayed in Vrindavana until Krishna was six years and eight months old. Vrishabhanu Maharaja, the father of Radha, and his community moved from Raval to Vasanti. Nanda Maharaja then moved to Dig and then he went to Kamyavana, which is where Yasoda's parents are from. Vrishabhanu Maharaja also came to Kamyavana at this time. They then went to Kelanvan and stayed there for a while. Nanda Maharaja then went to Nandagram and Vrishabhanu Maharaja went to Varsana. Krishna stayed in Nandagram until he was 10 years old. He then went to Mathura and lived there from the ages of 10 to 28 years and four months. He then moved to Dwarka and lived there for 96 years and eight months, until he was 125 years old.

## ശ്രീ നാരായണീയ സ്തോത്രം മേൽപ്പത്തൂർ നാരായണ ഭട്ടതിരി



# നെയ്ത്തിരി

## 8 : പത്മസംഭവൻ (നതോന്നത)

**ബാലേന്ദു** (Phone: 080 28530048 , e-mail kavibalendu@gmail.com )

1 പണ്ടുമഹാപ്രളയത്തിന്നവസാനം ബ്രാഹ്മകല്പേ
പൂണ്ടു ജന്മമേവം ബ്രഹ്മദേവൻ; തുടർന്ന്
വീണ്ടുമാർന്ന വേദങ്ങളെയവിടുന്ന കൊടുക്കയാൽ
വേണ്ടതെല്ലാം ചെയ്തു സൃഷ്ടിക്കാരംഭമായി.
2
നാലുയുഗമുള്ളനേകം രാത്രിപകൽ കഴിഞ്ഞജൻ
വിലീനനായ് നിന്നിൽ സൃഷ്ടിസമേതനായി
ലയിച്ചു നിദ്രയിൽ വാഴുന്നതുമൂലം നൈമിത്തിക-
പ്രളയത്തെ ബ്രഹ്മനിദ്രയെന്നു ചൊല്ലീടാം.
3
ദിനമനു സൃഷ്ടികർമ്മമനുഷ്ഠിച്ചു പിതാമഹൻ
ദിനചര്യ ഞങ്ങൾ ചെയ്യും ലാഘവത്തോടേ;
ചിരഞ്ജീവീസമൂഹവുമവിടുത്തെക്കൃപയാലേ
വിരചിച്ചു സൃഷ്ടി സുപ്തസ്മൃതിഗുണത്താൽ.
4
ബ്രഹ്മായുസ്സിൻ പകുതിയാം പരാർദ്ധവും കഴിഞ്ഞിന്നും
ബ്രാഹ്മകല്പനിശയിലുമത്തിന്നു ശേഷം
പാത്മകല്പാരംഭത്തിലുമുള്ള തവലീലകളെ
വർണ്ണിക്കുന്നേൻ വിശ്വമൂർത്തേ ഭവൽകൃപയാൽ.
5
കല്പാന്തത്തിലുറങ്ങുവാനാഗ്രഹിച്ചു വിശ്വശില്പി
ചിൽപുരുഷ, ഭവാനിലായ് ലയിച്ചതോടെ
ലോകമെല്ലാമവിടുത്തോടലിഞ്ഞിട്ടങ്ങശേഷവും
മഹാർണ്ണവരൂപമായി പരന്നു കാണായ്.
6
വിശ്വമെല്ലാം ജലമായി ശേഷിച്ചപ്പോളവിടുത്തെ
ശേഷനാകും നിജരൂപഫണിരാജന്മേൽ
യോഗനിദ്രാവസ്ഥപൂണ്ടു സദാനന്ദസ്വരൂപനായ്
ഭോഗീതല്പശായിയായി ഭവാൻ സാമോദം.
7
ലയിച്ചു തന്നോടു ചേർന്ന പ്രപഞ്ചശക്തികളൊപ്പം
പ്രളയാദ്യകാലം ഭവാനുറങ്ങും മുമ്പേ
കാലമാകും ശക്തിയോടു പ്രളയത്തിന്നന്ത്യകാലേ
ഉണർത്തേണം തന്നെയെന്നൊരാജ്ഞയും നൽകീ;
8
ഒരായിരം ചതുര്യുഗം പ്രപഞ്ചൈകരൂപനായി-
ട്ടുറങ്ങിയ വിശ്വനാഥ, ഭവാനെപ്പിന്നെ
ഉണർന്നാദ്യമെഴുന്നേറ്റു കാലശക്തി വഴിപോലെ-
യുണർത്തി, യങ്ങരുളിയൊരാജ്ഞാനുസാരം.
9
ജലഗർഭശായിയാകും ഭഗവൻ, അന്നവിടുന്ന്
ജഗമെല്ലാം തന്നിൽത്തന്നെ ലയിച്ചു കണ്ട്
സൂക്ഷ്മമാകുമവകളിൽ ജാഗ്രതയോടുടൻ നന്നായ്
ഈക്ഷണത്തെയുറപ്പിച്ചു വീക്ഷിച്ചു നന്നായ്.
10
തന്നിലേവമലിഞ്ഞുള്ള പദാർത്ഥങ്ങൾക്കഖിലവും
സംക്ഷേപമാം രൂപം ദിവ്യപത്മകുഡ്മളം
അവിടുത്തെ നാഭീരന്ധ്രം തന്നിൽ നിന്നുമുളവായി
പ്രപഞ്ചത്തിൻ ഹേതുവായിട്ടുയർന്നു താനേ.
11
സ്വയം തവ ഗാത്രത്തിൽനിന്നുളവായോരമ്മുകുളം
പയസ്സിലൂടുയർന്നതിൻ മുകളിലെത്തി;
പരന്നീടും പ്രകാശത്താൽ അവിടെല്ലാമിയലുന്നൊ-
രിരുളെല്ലാമുടനടി ദൂരീകരിച്ചു.
12
ദിവ്യാത്ഭുതശോഭയാർന്നു വിടർന്നങ്ങു ജലോപരി
തവയോഗശക്തി താങ്ങായുയർന്നു നിൽക്കും
പങ്കജത്തിൽ പത്മജനാം വിധിയേറ്റം വിളങ്ങുന്ന
നിഗമത്തിൻ നിരയോടെയാവിർഭവിച്ചു.
13
വിരിഞ്ചനു പാത്മകല്പംതന്നിൽ രൂപംകൊടുത്തോരു
പരിസിന്നമല്ലാതുള്ള മാഹാത്മ്യമോലും
പരമാത്മസ്വരൂപനാം ഗുരുവായൂരപ്പ,ദേവ,
പരിപാലിച്ചിടേണമേ ദുരിതം നീക്കി.

# നാരായണീയം മൂലം

008:001
ഏവം താവത്പ്രാകൃതപ്രക്ഷയാന്തേ
ബ്രാഹ്മേ കൽപേ ഹ്യാദിമേ ലബ്ധജന്മാ
ബ്രഹ്മാ ഭൂയസ്ത്വത്ത ഏവാപ്യ വേദാൻ
സൃഷ്ടിം ചക്രേ പൂർവകൽപോപമാനാം
008:002
സോയം ചതുര്യുഗസഹസ്രമിതാന്യഹാനി
താവന്മിതാശ്ച രജനീർബഹുശോ നിനായ
നിദ്രാത്യസൗ ത്വയി നിലീയ സമം സ്വസൃഷ്ടൈർ
നൈമിത്തികപ്രളയമാഹുരതോസ്യ രാത്രിം
008:003
അസ്മാദൃശാം പുനരഹർമുഖകൃത്യതുല്യാം
സൃഷ്ടിം കരോത്യനുദിനം സ ഭവത്പ്രസാദാത്
പ്രാഗ്ബ്രാഹ്മകൽപജനുഷാം ച പരായുഷാം തു
സുപ്തപ്രബോധനസമാസ്തി തദാപി സൃഷ്ടിഃ
008:004
പഞ്ചാശദബ്ദമധുനാ സ്വവയോർദ്ധരൂപ-
മേകം പരാർദ്ധമതിവൃത്യ ഹി വർതതേസൗ
തത്രാന്ത്യരാത്രിജനിതാൻ കഥയാമി ഭൂമൻ
പശ്ചാദ്ദിനാവതരണേ ച ഭവദ്വിലാസാൻ
008:005
ദിനാവസാനേഥ സരോജയോനിഃ
സുഷുപ്തികാമസ്ത്വയി സന്നിലില്യേ
ജഗന്തി ച ത്വൽക്കഠരം സമീയു-
സ്തദേദമേകാർണ്ണവമാസ വിശ്വം
008:006
തവൈവ വേഷേ ഫണിരാജ ശേഷേ
ജലൈകശേഷേ ഭുവനേ സ്മ ശേഷേ
ആനന്ദസാന്ദ്രാനുഭവസ്വരൂപഃ
സ്വയോഗനിദ്രാപരിമുദ്രിതാത്മാ
008:007
കാലാഖ്യശക്തിം പ്രളയാവസാനേ
പ്രബോധയേത്യാദിശതാ കിലാദൗ
ത്വയാ പ്രസുപ്തം പരിസുപ്തശക്തി-
വ്രജേന തത്രാഖിലജീവധാമ്നാ
008:008
ചതുര്യുഗാണാം ച സഹസ്രമേവം
ത്വയി പ്രസുപ്തേ പുനരദ്വിതീയേ
കാലാഖ്യശക്തിഃ പ്രഥമപ്രബുദ്ധാ
പ്രാബോധയത്ത്വാം കില വിശ്വനാഥ
വിബുധ്യ ച ത്വം ജലഗർഭശായിൻ
വിലോക്യ ലോകാനഖിലാൻ പ്രലീനാൻ
തേഷ്വേവ സൂക്ഷ്മാത്മതയാ നിജാന്തഃ
സ്ഥിതേഷു വിശ്വേഷു ദദാഥ ദൃഷ്ടിം
008:010
തതസ്ത്വദീയാദയി നാഭിരന്ധ്രാ-
ദുദഞ്ചിതം കിഞ്ചന ദിവ്യപദ്മം
നിലീനനിശ്ശേഷപദാർത്ഥമാലാ
സംക്ഷേപരൂപം മുകുളായമാനം
008:011
തദേതദംഭോരുഹകുഡ്മളം തേ
കളേബരാത്തോയപഥേ പ്രരൂഢം
ബഹിർനിരീതം പരിതഃ സ്ഫുരദ്ഭിഃ
സ്വധാമഭിർദ്ധ്വാന്തമലം ന്യകൃന്തത്
008:012
സംഫുള്ളപത്രേ നിതരാം വിചിത്രേ
തസ്മിൻഭവദ്വീര്യധൃതേ സരോജേ
സ പദ്മജന്മാ വിധിരാവിരാസീത്
സ്വയംപ്രബുദ്ധാഖിലവേദരാശിഃ
008:013
അസ്മിൻപരാത്മൻ നനു പാദ്മകൽപേ
ത്വമിത്ഥമുത്ഥാപിതപദ്മയോനിഃ
അനന്തഭൂമാ മമ രോഗരാശിം
നിരുന്ധി വാതാലയവാസ വിഷ്ണോ

**About the author: Shri Balendu (Chandrasekhar K. Nair)**
**VAISHNAVI #49, Vivekanada Street,**
**Udayanagar, Dooravaninagar (PO), Bangalore - 560 016**
**Phone - 080 28530048, 41260122, 28533785, 09448367896**





## വ്രതശുദ്ധിയുമായി ഗുരുവായൂർ ഏകാദശി

**Sunil Menon**

ഗുരുവായൂർ ഏകാദശി എല്ലാ വർഷവും വൃശ്ചികമാസത്തിലെ ശുക്ലപക്ഷത്തിലാണ് നടക്കുന്നത്. ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്രത്തിൽ വെച്ച് അർജ്ജുനന് ഗീതോപദേശം നൽകിയത് വൃശ്ചികമാസത്തിലെ ഏകാദശി ദിവസമാണെന്ന് വിശ്വസിക്കപ്പെടുന്നു. മേൽപ്പത്തൂരിനും, ആദി ശങ്കരനും, വില്വമങ്ഗലം സ്വാമിയാർക്കും വിശ്വ ദർശനം നൽകിയതും ഈ ദിനത്തിലാണെന്ന് വിശ്വാസമുണ്ട്.

ഗീതാ ദിനം കൂടിയായ ഈ ദിവസം വ്രതമെടുത്തു പതിനായിരങ്ങൽ ക്ഷേത്ര സന്നിധിയിലെത്തും.. ഭഗവാൻ ഗീതോപദേശം നൽകിയതും, ഗുരുവും വായുവും കൂടി ഗുരുവായൂരപ്പന്റെ പ്രതിഷ്ഠ നടത്തിയതും ഈ ഏകാദശി ദിനതിലാണ്.

ക്ഷേത്രത്തിലെത്തുന്ന എല്ലാ ഭക്തന്മാർക്കും നോമ്പു വട്ടമായ ഗോതബ് ചോറും രസകാളനം പുഴുക്കും ഗോതബ് പായസവും നൽകും. വൈകീട്ടു പാർഥസാരദി ക്ഷേത്രത്തിൽ നിന്നും രഥം എഴുന്നള്ളിച്ചു ഗുരുവായുർ ക്ഷേത്രം വലം വെച്ചു വണങ്ങും.

ഏകാദശി ദിവസം ഗുരുവായൂർ നടയിൽ വെച്ച് നൃത്തത്തിലും സംഗീതത്തിലും അരങ്ങേറ്റം നടത്തുന്നത് ശുഭകരമായി വിശ്വസിക്കപ്പെടുന്നതിനാൽ ഇതിനായി നല്ല തിരക്കുണ്ടാവാറുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ വർഷവും ഏകാദശിയോടനുബന്ധിച്ച് ചെമ്പൈ സ്മാരക സംഗീതോത്സവം നടത്തുന്നു. ദക്ഷിണേന്ത്യയിലെ പ്രമുഖ കലാകാരന്മാർ ഇതിനായി ഗുരുവായൂരിൽ എത്തിച്ചേരുന്നു.




# Lord Dhanwathari manthram

Ramgopal Narayanan





ഓം നമോ ഭഗവതേ
വാസുദേവായ ധന്വന്തരയേ
അമൃത കലശ ഹസ്തായ
സർവ്വാമയ വിനാശനായ
ത്രൈലോക്യ നാഥായ
ശ്രീ മഹാവിഷ്ണവേ നമഃ

---

അച്ചുതാനന്ദ ഗോവിന്ദ
വിഷ്ണോ നാരായണാമൃത
രോഗാൻമേ നാശയാശേഷാ
-നാശു
ധന്വന്തരേ ഹരേ !



# Krishnanadalahari-Yadhavabhyudhaya -chapter1

DR. SAROJA RAMANUJAM, M.A., PH.D, SIROMANI IN SANSKRIT.

Desika refers to the Lord as Vibhu, and Sreemaan. He is Vibhu, all powerful, all pervading, Sreemaan associated with Sree, Lakshmi. The significance of the two adjectives is given by the words eko vusvamidham chithram ajeejanath. He is eka, one only. `Sadheva soumya idham agra aaseeth, ekameva adhvitheeyam (Chandhogya Up.) Sat alone existed in the beginning, one only without a second.' Hence Brahman, Lord Narayana of Visistadavaita, was both the material and instrumental cause of the Universe. Usually in creation as applied to the worldly things like the creation of a pot the material cause, the mud and the instrumental cause, the potter are different. But before creation, says the Upanishad there was none else than the Brahman. So Brahman is the upaadhaana karana, material cause and nimiththa kaarana, instrumental cause. This is indicated by the words svayam and svasmin.

The Lord created the world which Desika describes as chithram, wonderful. He compares it to a painting; chithram which is created by the Lord with the brush of His leela, playful and without effort, and the paint He used was His krpa, infinite mercy. The canvas was nothing but the Lord Himself, svasmin, in Him, created by Himself, svayam. This is in accordance with the concept of sarira-sariri bhava of Visishtadvaita. The world consisting of sentient and insentient beings is the body of the Lord of which He is the soul. Before creation the world exists in Him in subtle form and after creation it assumes the gross form.

Now what is the purpose of creation?

To say that it is His leela would make Him a sadist who has created the world full of sorrow and misery for His sport.} No, it is not so, says Desika, because He has coloured it with His krpa. The word leela only denotes that the creation was as effortless as a play for Him. He not only created but also sustains the universe through His acts of mercy. The duhkha is due to our karma but to protect us by showing the path to emancipation is His act of mercy.

Then Desika traces the clan of yadhu in which the Lord took the incarnation as Krishna.

The first of the clan was Chandra, the Moon.' Chandramaa manaso jaathah, the Moon was born from the mind of the Lord.'(Purushasuktham) Desika gives the reason as to why the Moon was born out

of His mind. The Moon came out as though he is the personification of the prasaadha, grace of the Lord, paripaaalayithavyeshu prasaadha iva, towards the people deserve to be protected, His devotees because the moon is jagadhaahlaadhakara, gives happiness to all

Budha, the adhidevatha of the planet Mercury was the son of Moon and Pururavas was the son of Budha. Pururavas, says Desika, was the living example of the efficacy of sathaam aahitha vahneenaam stheyathaa, the power of aahithaagni the sacrificial fire, which represents the acts of sacrifice, yajna because it gave him the power of visiting svarga where he fell in love with Urvasi, the celestial damsel and married her.

The lineage of Pururavas flourished in all directions of the earth by the fame of his descendants like Ayus and Nahusha, who attained the status of Indra through his merit. When Indra incurred brahmahaththi dosha, the sin of killing a Brahmin by his slaying
Vrthraasura, who was the son of Thvashta, a Brahmin , he had to leave the svarga and do penance. Then the devas put Nahusha in the place of Indra since he has performed hundred asvamedha yagas, which makes him qualified for the post of Indra but he incurred the displeasure of Agasthya and was cursed by him to become a snake.

Yayathi was the son of Nahusha and had three sons and one of them was Yadhu, who was a vadhaanya, very generous and austere and just. Vasudeva, the father of Krishna was born in the clan of Yadhu. Vasudeva was Kasyapa prajaapathi in his previous birth and was the father of both devas and. asuras. His wives Surabhi and Adhithi were born as Rohini and Devaki in next birth and married Vasudeva. When
Vasudeva was born the divine musical instruments, aanaka and dhundhubhi sounded and hence he acquired the name AAnakadhundhubhi.

Vasudeva was the refuge of the good as Lord Vishnu is for the world, the Sun is for light and the sea is for gems. This implies that he was the sole resort of the good as the earth was burdened with unrighteous kings for whose destruction the Lord descended in the form of Krishna. Even though born of the royal family Vasudeva was intent on attaining mukthi and was not interested in the worldly possessions and became content with whatever came to him of its own accord.

Vasudeva got married to Devaki, the cousin sister of Kamsa whom he loved very much but hearing the aerial declaration that the eighth son of Devaki will be his killer Kamsa put them both in prison.

In the meanwhile the devas were approached by Bhoodevi who entreated them to relieve her of he burden of adharma perpetuated by the unrighteous kings who oppressed her like giant mountains. Then they all approached the Lord Narayana along with Brahma with Bhoodevi in front and started praying to Him.





# പള്ളിക്കെട്ട് ശബരിമലയ്ക്ക് ...

**സമ്പാദനം / ക്രോഡീകരണം: വള്ളുവനാടൻ (Valluvanadan)**

ശരണഗീതികളുടെ ദിവ്യമന്ത്രവും മുഴക്കി, മനസ്സിൽ ധർമശാസ്താവിനെ മാത്രം പ്രതിഷ്ഠിച്ച്, ശിരസ്സിൽ പാപഭാരങ്ങളുടെ ഇരുമുടിക്കെട്ടേന്തി കരിമല കയറാനെത്തുന്ന അയ്യപ്പന്മാരേയും മാളികപ്പുറങ്ങളേയും കാത്തിരിയ്ക്കുന്ന പുണ്യ ദേവസ്ഥാനങ്ങളിലൂടെ...

## വൃശ്ചിക വ്രതം എന്ന മണ്ഡല വ്രതം

സനാതന ധർമ്മത്തിന്റെ ആചരണമാണ് വൃശ്ചിക വ്രതം. വൃശ്ചികം ഒന്നു മുതൽ 41 വരെയുള്ള മണ്ഡല കാലത്താണ് ഇതാചരിയ്ക്കുന്നത്. അതുകൊണ്ട് ഇത് മണ്ഡലവ്രതമെന്നും അറിയപ്പെടുന്നു. ശബരിമല തീർത്ഥാടനത്തിനുള്ള വ്രതാനുഷ്ഠാനങ്ങളാണ് വൃശ്ചിക മണ്ഡല വ്രതമായി പുകൾപെറ്റത്. ജ്ഞാനികൾക്ക് മാത്രം സാദ്ധ്യമായ സമഭാവനയും സമത്വഭാവനയും ജീവിതത്തിൽ പകർത്താനുള്ള യത്നമാണ് വൃശ്ചിക വ്രതക്കാലത്ത് നടത്തുന്നത്.

സർവ ചരാചരങ്ങളിലും ഈശ്വരനെ ദർശിയ്ക്കുന്ന ഭാരതീയമായ സംസ്കാരം ഉൾക്കൊള്ളാനും അതിനുള്ള ആചാരങ്ങൾ അനുവർത്തിയ്ക്കാനും ഉണ്ടാക്കിയ ശാസ്ത്രീയമായ ഒരു അനുഷ്ഠാനമാണിത്.

പുരുഷാർത്ഥങ്ങൾ നേടാനും ശ്രേയസ്സും പ്രേയസ്സും കൈവരിയ്ക്കാനും മണ്ഡല വ്രതാനുഷ്ഠാനത്തിലൂടെ കഴിയും. ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് ശരീരശുദ്ധി വരുത്തി ക്ഷേത്രദർശനം നടത്തുന്നു. ആഹാരത്തിന് നിയന്ത്രണം വരുത്തുന്നു. ഈശ്വരീയമായ ജീവിതവൃത്തികളാണ് പാലിയ്ക്കേണ്ടത്.

ഇന്ദ്രിയ ഗോചരമല്ലാത്ത സംസ്കാരം ഉൾക്കൊള്ളാനായി മനസ്സിലാക്കാനായി പ്രതീകങ്ങളെ ആശ്രയിയ്ക്കുക പതിവുണ്ട്. അതുകൊണ്ടാണ് വിഗ്രഹാരാധനയും വസ്ത്രധാരണത്തിലുള്ള മാറ്റവും മാലാധരണവുമെല്ലാം.

അനന്തതയുടെ നിറമാണ് നീല. ഒരർത്ഥത്തിൽ ഈശ്വരന്റെ നിറവും. അതുകൊണ്ടാണ് ശബരിമല വ്രതാനുഷ്ഠാന കാലത്ത് നീല വസ്ത്രം ധരിയ്ക്കുന്നത്.
സകല വസ്തുക്കളിലും ഈശ്വരനെ ദർശിയ്ക്കുന്നതു കൊണ്ട് ഭക്തനും ഈശ്വരനും ഒന്നായി മാറുന്നു. അതുകൊണ്ടാണ് ഒരു തീർത്ഥാടകൻ മറ്റൊരു തീർത്ഥാടകനെ അയ്യപ്പനെന്നും സ്വാമിയെന്നും വിളിയ്ക്കുന്നത്.

## ഇനി ശരണം വിളിയുടെ നാളുകൾ

ശബരിമലയിൽ തങ്ക സൂര്യോദയം! അന്നാണ് വൃശ്ചികം പിറക്കുന്നത്. അതോടെ 41 ദിവസത്തെ വ്രതകാലം- മണ്ഡലകാലം- തുടങ്ങുകയായി. വ്രതശുദ്ധിയോടെ ശബരിമല സന്നിധാനത്തിലെത്താൻ കോടിക്കണക്കിന് ഭക്തർ തയ്യാറെടുക്കുകയായി. കേരളം ഇന്ത്യയിലെ ഭക്തകോടികളുടെ പുണ്യ പാപച്ചുമടുകളുടെ അത്താണിയാവുന്ന കാലം. ഇനി കേരളമെങ്ങും അലയടിയ്ക്കുന്നത് ശരണമന്ത്രം മാത്രം
വൃശ്ചികം ഒന്നുമുതൽ ധനു 11 വരെയുള്ള 41 ദിവസങ്ങളാണ് മണ്ഡലകാലം. സൂര്യൻ തുലാം രാശി വിട്ട് ഒരു മാസത്തേയ്ക്കു വൃശ്ചികം രാശിയിൽ നിലയുറപ്പിയ്ക്കുന്നു.

ശരണഗീതികളുടെ ദിവ്യമന്ത്രവും മുഴക്കി, മനസ്സിൽ ധർമ്മശസ്താവിനെ മാത്രം പ്രതിഷ്ഠിച്ച്, ശിരസ്സിൽ പാപഭാരങ്ങളുടെ ഇരുമുടിക്കെട്ടേന്തി കരിമല കയറാനെത്തുന്ന അയ്യപ്പന്മാരെയും മാളികപ്പുറങ്ങളെയും കാത്തിരിയ്ക്കുകയാണ് ശബരിമല. ശബരിമലയിലേയ്ക്ക് ഭക്തജന പ്രവാഹം തുടങ്ങിക്കഴിഞ്ഞു. തിങ്കളാഴ്ചത്തെ ഹർത്താലിൽ നിന്ന് അയ്യപ്പന്മാരെ ഒഴിവാക്കിയിട്ടുണ്ട്. വൃശ്ചിക പിറവി നാളിൽ ശബരിമല ധർമശാസ്താക്ഷേത്രത്തിൽ വിശേഷാൽ അഷ്ടാഭിഷേകവും അഷ്ടദ്രവ്യ ഗണപതി ഹോമവും നടക്കും.

എരുമേലിയിലേയ്ക്ക് ഭക്തജനങ്ങൾ എത്തിത്തുടങ്ങി. പേട്ട കൊച്ചമ്പലത്തിലും അഷ്ടാഭിഷേകവും ഗണപതി ഹോമവും നടക്കും. അയ്യപ്പഭക്തരെ വരവേൽക്കാൻ ഇടത്താവളങ്ങളായ വൈക്കം, ഏറ്റുമാനൂർ, കടപ്പാട്ടൂർ, എരുമേലി ക്ഷേത്രങ്ങളൊക്കെ ഒരുങ്ങിക്കഴിഞ്ഞു.

കേരളത്തിലുടനീളം അയ്യപ്പക്ഷേത്രങ്ങളിൽ മണ്ഡലകാലം വിശേഷാൽ പരിപാടികളോടെ ആചരിയ്ക്കുന്നു. മറ്റു പല ക്ഷേത്രങ്ങളിലും മണ്ഡലച്ചിറപ്പ് ഭക്ത്യാദരപൂർവം കൊണ്ടാടുന്നു

## എരുമേലി പേട്ട തുള്ളൽ

എരുമേലിയിലെ തീർത്ഥാടകർ സന്ദർശിയ്ക്കുന്ന മൂന്ന് പവിത്ര സ്ഥാനങ്ങളുണ്ട് - ധർമ്മശാസ്താ ക്ഷേത്രങ്ങളായ കൊച്ചമ്പലവും വലിയമ്പലവും വാവരുടെ പള്ളിയും. എരുമേലിയിലെ അനുഷ്ഠാന നൃത്തമാണ് പേട്ട തുള്ളൽ. പുരാണപരമായ വീക്ഷണത്തിൽ, ഭയങ്കരിയായ മഹിഷിയെ അയ്യപ്പൻ വധിച്ചതറിഞ്ഞ് ജനങ്ങൾ നടത്തിയ ആനന്ദനൃത്തത്തിന്റെ പുനരാവിഷ്കാരമാണ് പേട്ട തുള്ളൽ. എരുമേലി എന്ന പേര് ‘എരുമകൊല്ലി’ എന്ന് ലോപിച്ചുണ്ടായതാണെന്ന് ഒരു അഭിപ്രായമുണ്ട്.

അയ്യപ്പൻ പാട്ടുകളിലെ കഥകൾ പ്രകാരം ഉദയനൻ എന്ന കൊള്ളക്കാരനായ നാടുവാഴിൽ നിന്ന് ശബരിമല ക്ഷേത്രം മോചിപ്പിയ്ക്കാൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടത്തിയ ധാർമ്മിക യുദ്ധത്തിന് യോദ്ധാക്കൾക്ക് നൽകിയ ആദ്ധ്യാത്മിക പരിശീലനത്തിന്റെ ഭാഗമാണ് പേട്ട തുള്ളൽ.യോദ്ധാക്കൾ എല്ലാവരും കറുപ്പോ നീലയോ വസ്ത്രങ്ങൾ ധരിച്ച്, മുഖത്ത് ചായങ്ങൾ തേച്ച്, ‘അയ്യപ്പതിന്തകത്തോം, സ്വാമിതിന്തകത്തോം,’ എന്ന് ഉറക്കെ വിളിച്ചുകൊണ്ട് ആനന്ദനൃത്തം ചെയ്യുന്നു.പാരമ്പര്യം അനുസരിച്ച് ഒരു സംഘത്തിന്റെ പേട്ടതുള്ളലിന് ഒരുക്കച്ചുമതല രണ്ടാം പ്രാവശ്യം തീർത്ഥാടനം നടത്തുവന്നവർക്കാണ്.

രണ്ടാം തവണ പോകുന്ന ആൾ ‘രണ്ടാം കന്നി’ എന്നും 3ാം തവണക്കാരൻ ‘മുതൽപ്പേർ’ എന്നും 4ാം പ്രാവശ്യം പോകുന്ന ആൾ ‘ഭരിപ്പു’ എന്നും അറിയപ്പെടുന്നു.5ാം തവണ മുതൽ തീർത്ഥാടകൻ ‘പഴമ’ എന്ന സ്ഥാനം നേടുന്നു. ഇവരെ ഗുരുസ്വാമി എന്നും പറയാറുണ്ട്. പേട്ടതുള്ളൽ സമയത്ത് കന്നി അയ്യപ്പൻ ഒരു അമ്പ് ധരിയ്ക്കുന്ന ചടങ്ങ് ഉണ്ട്.

പേട്ടതുള്ളൽ തുടങ്ങുന്നതിനുമുമ്പ് തീർത്ഥാടകർ എരുമേലി അങ്ങാടിയിൽ പോയി ഈ അനുഷ്ഠാന നൃത്തത്തോട് അനുബന്ധിച്ച് ആവശ്യമായ ചെറിയ അമ്പുകളും ധാന്യങ്ങളും പച്ചക്കറികളും വാങ്ങുന്നു. ഓരോ സംഘത്തിന്റെയും ഈ വക സാധനങ്ങളെല്ലാം ഒരു കമ്പളിപ്പുതപ്പിൽ കെട്ടിയ ശേഷം നീണ്ട വടിയിൽ തൂക്കിയിട്ട് രണ്ട് പേർ അതിന്റെ രണ്ടറ്റവും തോളിൽ താങ്ങി സംഘത്തോടൊപ്പം നീങ്ങുന്നു. മുഖത്തും ശരീരത്തിലും വർണ്ണങ്ങൾ തേച്ച് തീർത്ഥാടകർ കൊച്ചമ്പലത്തിലേയ്ക്ക് ആദ്യം പോകുന്നു. പ്രാർത്ഥനയ്ക്ക് ശേഷം അവിടെ നിന്നാണ് പേട്ട തുള്ളൽ തുടങ്ങുന്നത്. വാദ്യസംഗീതത്തോടൊപ്പം ‘അയ്യപ്പ തിന്തകത്തോം, സ്വാമിതിന്തകത്തോം’ എന്ന മന്ത്രോച്ചാരണത്തോടു കൂടി, നൃത്തം വച്ച് നീങ്ങുന്നു. പലരും പച്ചിലക്കൊമ്പുകൾ പിടിച്ചിരിയ്ക്കും.

## മതസൗഹാർദത്തിന്റെ വാവരുപള്ളി

നൃത്തം വച്ച് നീങ്ങുന്ന തീർത്ഥാടകർ ആദ്യം വാവരു പള്ളിയിൽ പ്രവേശിച്ച് പ്രദക്ഷിണം വച്ച് കാണിയ്ക്കയിട്ട് മുസ്ലിം പുരോഹിതനിൽ നിന്ന് ഭസ്മം പ്രസാദമായി വാങ്ങുന്നു. പള്ളിയിൽ നിന്ന് പുറത്തു വരുന്ന തീർത്ഥാടകർ ഏതാണ്ട് ഒരു കിലോമീറ്റർ അകലെ നദീതീരത്തുള്ള വലിയമ്പലത്തിലേയ്ക്ക് നൃത്തം വച്ച് നീങ്ങുന്നു.

വലിയമ്പലത്തിലെത്തുന്ന തീർത്ഥാടകർ കൈയ്യിലുള്ള മരച്ചില്ലകൾ അമ്പലത്തിന്റെ മേൽക്കൂരയിലേയ്ക്ക് എറിയും. അമ്പലത്തിൽ കയറി തൊഴുത് വലം വച്ച് അമ്പലത്തിന്റെമുന്നിൽ കർപ്പൂരം കത്തിച്ച് പേട്ട തുള്ളൽ അവസാനിപ്പിയ്ക്കുന്നു.

2 പ്രധാന സംഘങ്ങളായ അമ്പലപ്പുഴക്കാരുടെയും ആലങ്ങാട്ട്കാരുടെയും പേട്ടതുള്ളൽ പാരമ്പര്യം അനുസരിച്ച് നടക്കുന്നത് ധനു 27നാണ്. ഉദയനന് എതിരായുള്ള യുദ്ധത്തിൽ, അമ്പലപ്പുഴയിൽ നിന്നും കൊടുങ്ങല്ലൂരിന് അടുത്തുള്ള ആലങ്ങാട്ടിൽനിന്നും ഉണ്ടായിരുന്ന അയ്യപ്പന്റെ യോദ്ധാക്കളെ അനുസ്മരിപ്പിയ്ക്കുന്നതാണ് പേട്ടതുള്ളൽ.

അമ്പലപ്പുഴ സംഘത്തിന്റെ പേട്ടതുള്ളൽ നടക്കുന്നത് ഉച്ചയ്ക്ക് മുമ്പാണ്. നെറ്റിപ്പട്ടം കെട്ടിയ ആനകളും വാദ്യങ്ങളുമായി അവർ കൊച്ചമ്പലത്തിന്റെ മുമ്പാകെ സമ്മേളിയ്ക്കുന്നു. എന്നാൽ കൊച്ചമ്പലത്തിനു മുകളിൽ കൃഷ്ണപ്പരുന്ത് പ്രത്യക്ഷപ്പെട്ട് വട്ടം ചുറ്റുന്നത് കണ്ടതിനുശേഷം മാത്രമേ അവരുടെ പേട്ട തുള്ളൽ തുടങ്ങൂ. എല്ലാ വർഷവും അമ്പലപ്പുഴ സംഘം എല്ലാ സന്നാഹങ്ങളോടും കൂടി കൊച്ചമ്പലത്തിന്റെ മുമ്പാകെ കാത്തു നിൽക്കുകയും അമ്പലത്തിന്റെ മുകളിൽ കൃഷ്ണപ്പരുന്ത് എത്തി വട്ടം ചുറ്റയതിനുശേഷം മാത്രം പേട്ട തുള്ളൽ ആരംഭിയ്ക്കുകയും ചെയ്യുന്നു.

ഉച്ചയ്ക്കു ശേഷമാണ് ആലങ്ങാട്ടുകാരുടെ പേട്ട തുള്ളൽ. അപ്പോൾ പകൽ വെളിച്ചത്തിൽ നക്ഷത്രം തെളിയും.

## കല്ലും മുള്ളും കാലുക്കു മെത്ത !

തീർത്ഥാടനത്തിന്റെ ആദ്യ ഘട്ടമായ മണ്ഡലക്കാലത്ത് (വൃശ്ചികം 1 മുതൽ ധനു 11 വരെ) വനപാതയിലൂടെ പോകുന്ന തീർത്ഥാടകർ കുറവാണ്. മകരം 1 മുതൽ തുടങ്ങുന്ന മകരവിളക്കു കാലത്ത് ലക്ഷക്കണക്കിനു ജനങ്ങൾ ഈ പാതയിലൂടെ തീർത്ഥാടനം നടത്തുന്നു. എരുമേലി കഴിഞ്ഞ് ഇരുമ്പുന്നിക്കരയിൽ നിന്ന് തീർത്ഥാടകർ കാട്ടിലേയ്ക്ക് കടക്കുന്നു.

ശ്രീ അയ്യപ്പന്റെ പൂങ്കാവനമെന്നറിയപ്പെടുന്ന പുണ്യഭൂമിയിലൂടെ നഗ്നപാദരായാണ് തീർത്ഥാടനം. വനത്തിനുള്ളിൽ പ്രവേശിച്ച് 2 മൈലോളം നടന്നു കഴിയുമ്പോൾ അരശുമുടിക്കോട്ട എന്ന സ്ഥലത്തെത്തുന്നു. അയ്യപ്പനും സൈന്യങ്ങളും വിശ്രമിച്ച സ്ഥലമാണ് ഇതെന്നാണ് വിശ്വാസം. വനപാലകരായ ദേവന്മാരെയാണ് ഇവിടെ ആരാധിയ്ക്കുന്നത്.

## ഇടത്താവളമായി കാളകെട്ടി

എരുമേലിയിൽ നിന്ന് 11കിലോമീറ്ററോളം നടന്നു കഴിയുമ്പോൾ പ്രധാന തീർത്ഥാടന കേന്ദ്രമായ കാളകെട്ടിയിൽ എത്തുന്നു. അവിടേയ്ക്കുള്ള യാത്രയിൽ രണ്ടു കയറ്റങ്ങളുണ്ട്. മഹിഷിയുടെ വധത്തിനുശേഷം അയ്യപ്പൻ നടത്തിയ വിജയനൃത്തം കാണാൻ വന്ന ശിവൻ വാഹനമായ കാളയെ ആഞ്ഞിലി മരത്തിൽ കെട്ടിയതിനാലാണ് ഇവിടം കാളകെട്ടി എന്നറിയപ്പെടുന്നത് എന്നാണ് വിശ്വാസം.

## അഴുതയിൽ പ്രാണന് പുണ്യാഹം

കാളകെട്ടിയിൽ നിന്ന് രണ്ടര കിലോമീറ്റർ അകലെ അഴുത. അഴുതയുടെ തീരത്ത് ഒരു ചെറിയ ക്ഷേത്രസമുച്ചയമുണ്ട്. തീർത്ഥാടകർ ഇവിടെ നടത്തുന്ന ആഴി പൂജ പ്രധാനമാണ്. തീർത്ഥാടനത്തിന്റെ ഭാഗമാണ് അഴുതാ നദിയിലെ പുണ്യസ്നാനം. നദിയിൽ മുങ്ങി കല്ലെടുത്ത് കല്ലിടും കുന്നിൽ ഇടുന്നത് തീർത്ഥാടനത്തിലെ അനുഷ്ഠാനമാണ്. സ്നാനത്തിനുശേഷം നദി കുറുകെ കടന്ന് തീർത്ഥാടകർ അക്കരെ കയറുന്നു. പിന്നെ മൂന്നു കിലോമീറ്ററോളം നടന്നാൽ അഴുതമേട് എന്നറിയപ്പെടുന്ന മല. ഇത് ശബരിമല തീർത്ഥയാത്രയിലെ മൂന്നു പർവ്വതങ്ങളിൽ ഒന്നാണ്.

# കല്ലിടും കുന്ന്

അഴുതമേട് കയറ്റം അവസാനിയ്ക്കുന്നത് കല്ലിടും കുന്നിലാണ്. അഴുതാ നദിയിൽ നിന്ന് എടുത്ത കല്ല് തീർത്ഥാടകർ ഭക്തിപൂർവ്വം കല്ലിടും കുന്നിൽ നിക്ഷേപിച്ച് കർപ്പൂരദീപം കത്തിയ്ക്കുന്നു.

## ഇഞ്ചിപ്പാറക്കോട്ട

കല്ലിടും കുന്നിൽ നിന്ന് ഏറെക്കുറെ ഒരു സമതല പ്രദേശത്തുകൂടി അല്പദൂരം നടക്കുമ്പോൾ ഇഞ്ചിപ്പാറക്കോട്ടയിൽ എത്തുന്നു. ഇവിടെയായിരുന്നു ഉദയനന്റെ പ്രധാനകോട്ട സ്ഥിതി ചെയ്തിരുന്നത്.

## മുക്കുഴിയും കടന്ന് ..

ഇഞ്ചിപ്പാറക്കോട്ടയിൽ നിന്ന് താഴേയ്ക്ക് മലഞ്ചെരിവിലൂടെയുള്ള ഒരു വലിയ ഇറക്കമാണ്. അത് അവസാനിയ്ക്കുന്നത് മുക്കുഴി എന്ന താഴ്വരയിലാണ്. ഇവിടെ ദേവീക്ഷേത്രവും ഗണപതിക്ഷേത്രവും ഉണ്ട്.

# കരിമല കയറ്റം കഠിനമെന്റയ്യപ്പ !

മുക്കുഴിയിൽ നിന്ന് നിബിഡവനങ്ങളിലൂടെ പതിനൊന്നു കിലോമീറ്റർ യാത്ര ചെയ്ത് കരിമലയുടെ താഴ്വരയിലെത്താം. ഏഴു തട്ടുകളിലായിട്ടാണ് കരിമല. കരിമലയിൽ കൊള്ളക്കാരനായ ഉദയനന്റെ ആസ്ഥാനമായിരുന്ന പ്രധാന കോട്ട ഉണ്ടായിരുന്നുവെന്ന് അയ്യപ്പൻ പാട്ടുകളിൽ പറയുന്നു. വനദുർഗ്ഗ, കരിമല നാഥൻ, കൊച്ചു കടുത്ത എന്നീ ദേവകളെ ആരാധിയ്ക്കുന്ന സ്ഥാനങ്ങൾ കരിമലയുടെ മുകളിലുണ്ട്.

## വലിയാനത്താവളവും ചെറിയാനത്താവളവും

കരിമലയിറക്കത്തിന്റെ അവസാനത്തിൽ തീർത്ഥാടകർ വലിയാനത്താവളത്തിൽ എത്തുന്നു. പന്തളത്ത് നിന്ന് തിരുവാഭരണം കൊണ്ടുവരുമ്പോൾ അത് കുറച്ചു സമയം വയ്ക്കുവാനുള്ള പീഠം ഇവിടെ ഉണ്ട്. പമ്പയുടെ കൈവഴിയുടെ തീരത്താണ് വലിയാനത്താവളം. വലിയാനത്താവളത്തിൽ നിന്നും അല്പം കൂടി നടക്കുമ്പോൾ തീർത്ഥാടകർ ചെറിയാനത്താവളത്തിൽ എത്തുന്നു.

## പാപനാശിനി പമ്പ

''**പമ്പാ സരസ്തടം ലോകമനോഹരം**'' എന്ന് എഴുത്തച്ഛൻ പമ്പാതീരത്തെ വർണ്ണിയ്ക്കുന്നു. രാമായണവുമായി ബന്ധപ്പെട്ട പല പുണ്യസ്ഥലങ്ങളും പമ്പയ്ക്കു ചുറ്റുമുണ്ട്. നദിയുടെ അര മൈൽ മുകളിലാണ് കല്ലാറും കക്കാട്ടാറും പമ്പയുമായി ചേരുന്ന ത്രിവേണി സംഗമം. ഇവിടെ ഒരു പാറയിൽ മനുഷ്യപാദത്തെ അനുസ്മരിപ്പിയ്ക്കുന്ന അടയാളം പതിഞ്ഞിരിയ്ക്കുന്നു. 'രാമപാദം' എന്ന് അറിയപ്പെടുന്ന ഇത് ശ്രീരാമന്റെ പാദമുദ്രയാണെന്ന് വിശ്വസിയ്ക്കുന്നു.

തീർത്ഥാടക സംഘങ്ങൾക്ക് പമ്പാസദ്യ പ്രധാന അനുഷ്ഠാനമാണ്. ശബരിമലയുടെ വിമോചനത്തിനുശേഷം അയ്യപ്പൻ തന്റെ സൈന്യങ്ങൾക്കായി പമ്പാതീരത്ത് ഒരുക്കിയ വിഭവസമൃദ്ധമായ സദ്യയെ ഇത് അനുസ്മരിപ്പിയ്ക്കുന്നു. മകരസംക്രമ പൂജയ്ക്ക് ഒരുദിവസം മുമ്പ് പമ്പാ തീരത്ത് പമ്പാവിളക്ക് എന്ന ദിപോത്സവം നടക്കുന്നു.ഉദയനനെ കീഴടക്കിയശേഷം പമ്പാതീരത്തു നടത്തിയ വിജയാഘോഷത്തെയാണ് ഇത് അനുസ്മരിപ്പിയ്ക്കുന്നത്. വാഴപ്പോളയും കമുകിൻപോളയും മറ്റും കൊണ്ടുണ്ടാക്കിയ ചെറിയ ഓടങ്ങളിൽ എണ്ണ വിളക്കുകൾ ഉറപ്പിച്ച് ഒഴുക്കിവിടുന്നു. പമ്പയിലൂടെ ഒഴുകിപ്പോകുന്ന ആയിരക്കണക്കിനുള്ള ദീപങ്ങൾ മനോഹരമായ ദൃശ്യമാണ്.

## നീലിമല കടന്നാൽ സ്വാമിയെ കാണാം

നീലിമലയിലേയ്ക്കുള്ള കയറ്റമാണ് ഇനിയുള്ളത്. പമ്പാതീരത്തു നിന്ന് പമ്പാഗണപതി ക്ഷേത്രത്തിലേയ്ക്കുള്ള പടികളാണ് ആദ്യം കയറേണ്ടത്. ഗണപതിക്ഷേത്രം നിൽക്കുന്ന സ്ഥലം ക്ഷേത്രസമുച്ചയമാണ്.

നീലിമല കയറ്റം ആരംഭിയ്ക്കുന്നതിനുമുമ്പ് പന്തളം രാജാവിന്റെ പ്രതിനിധിയുടെ ആസ്ഥാനമുണ്ട്. അവിടെ നിന്ന് പ്രസാദമായി ഭസ്മം ലഭിയ്ക്കുന്നു.

പമ്പയിൽ നിന്ന് ശബരിമലയിലേയ്ക്കുള്ള ദൂരം 5 മൈലാണ് (7കിലോമീറ്റർ). പടികളുള്ള പ്രധാന പാരമ്പര്യപ്പാതയ്ക്കു പുറമെ വലതുവശത്തായി 'ശ്രീ അയ്യപ്പൻ റോഡ്' എന്നു പേരുള്ള പടികൾ കെട്ടിയിട്ടില്ലാത്ത പാതയുണ്ട്. ഈ രണ്ടു മാർഗ്ഗങ്ങളും ശരംകുത്തിയാലിന്റെ സമീപത്ത് സമ്മേളിയ്ക്കുന്നു.ഇവിടെ നിന്ന് ശരം കുത്തിയാലിന് അരികിലൂടെയാണ് പ്രധാന മാർഗ്ഗം. ചന്ദ്രാനന്ദൻ റോഡ് എന്ന് മറ്റൊരു മാർഗ്ഗവും ഇവിടെ നിന്ന് സന്നിധാനത്തിലേയ്ക്കുണ്ട്. നീലിമല കയറ്റം ദുഷ്കരമായവർക്ക് 4 പേർ വഹിയ്ക്കുന്ന ഡോളികൾ ലഭ്യമാണ്.

## പതിനെട്ടാം പടിയോളം...

വൃശ്ചിക പൂംപുലരി വ്രത ശുദ്ധി തരും പുലരി. വൃശ്ചിക മാസത്തിന്റെ ആദ്യപുലരിയിൽ വ്രതം ആരംഭിയ്ക്കുന്നു. വ്രതം അനുഷ്ഠിയ്ക്കുമ്പോൾ ഭക്തർ അയ്യപ്പമുദ്രയുള്ള മാല കഴുത്തിലണിയും. ഈ മാല ക്ഷേത്രസന്നിധിയിലോ ഗുരുസ്വാമിയുടെ മുന്നിലോ പൂജിച്ചാണ് ധരിയ്ക്കാറ്. മാലയിടുന്നതോടെ വ്രതം ആരംഭിയ്ക്കയായി.
പതിനെട്ടാംപടി ചവിട്ടുന്നതിനു വ്രതനിഷ്ഠയിലും ഇത്രയും പടികൾ താണ്ടണമെന്നു വിശ്വാസം. പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, ചെവി, നാക്ക്, മൂക്ക്, ത്വക്ക്, അഷ്ടരാഗങ്ങളിൽ പെട്ട കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, അഹങ്കാരം, അസൂയ, ത്രിഗുണങ്ങളായ സാത്വികം, രാജസ്വം, തമസ്വം തുടർന്നു വിദ്യ, അവിദ്യ എന്നിവയാണു മണ്ഡല വ്രതവേളയിൽ താണ്ടേണ്ട 18 പടികൾ. കടുത്ത വ്രതമനുഷ്ഠിച്ചാലേ ഇതിനു കഴിയൂ.

മണ്ഡലകാലം മുഴുവനും ബ്രഹ്മചര്യം അനുഷ്ഠിയ്ക്കണം. ദിവസവും രാവിലെയും വൈകിട്ടും കുളി നിർബന്ധം. സുഗന്ധവസ്തുക്കൾ, വാസന സോപ്പ്, പൗഡർ, ഹെയർ ഓയിൽ തുടങ്ങിയവ ഒഴിവാക്കുന്നത് നന്ന്. ശരീരശുദ്ധിയ്ക്കു പുറമേ മാനസിക ശുദ്ധിയും അനിവാര്യം. സ്വാമിഭക്തർ എല്ലാ ദിവസവും ക്ഷേത്രദർശനം നടത്തണം.

കറുപ്പോ കാവിയോ നിറത്തിലുള്ള വസ്ത്രങ്ങളാണു വ്രതകാലയളവിൽ ഉചിതം. വ്രതം അനുഷ്ഠിയ്ക്കുമ്പോൾ സസ്യാഹാരം, പഴവർഗ്ഗങ്ങൾ എന്നിവ മാത്രമേ കഴിയ്ക്കാവൂ. യാതൊരു ജീവിയേയും കൊല്ലരുത്, കള്ളം പറയരുത്, മാതാപിതാക്കൾ, ഗുരുക്കന്മാർ, തന്നേക്കാൾ മുതിർന്നവർ ഇവരോടൊക്കെ വിനയപൂർവ്വം പെരുമാറണം. സർവ്വ ചരാചരങ്ങളും 'സ്വാമി'യെന്നു സങ്കൽപിയ്ക്കണം.ത്യാഗം സഹിയ്ക്കാൻ കരുത്തു നേടണം. അന്യന്റെ വസ്തുക്കൾ മോഷ്ടിയ്ക്കരുത്. കള്ളസാക്ഷി പറയരുത്. ലഹരിപദാർത്ഥങ്ങൾ ഉപയോഗിയ്ക്കരുത്, കോപിയ്ക്കരുത്. അയ്യപ്പധ്യാനം എപ്പോഴും മനസ്സിലുണ്ടാവണം. അന്നദാനം നല്ലത്. നഗ്നപാദരായി സഞ്ചരിയ്ക്കുന്നത് ഉത്തമം. വീടുകളിൽ ആഴിപൂജ, ഭജന നടത്തുന്നതും പതിവാണ്.

മരണവീടുകളിൽ പോകേണ്ടി വന്നാൽ കുളി കഴിഞ്ഞേ വീട്ടിൽ കയറാവൂ. പ്രസവം നടന്ന വീടുകളിൽ പോകുന്നതും ഒഴിവാക്കുന്നതാണ് ഉചിതം. പ്രസവം നടന്ന വീടുകളിൽ നിന്നു ഭക്ഷണം കഴിയ്ക്കാൻ പാടില്ല. മത്സ്യമാംസാദികൾ കഴിയ്ക്കരുത്. ക്ഷൗരം പാടില്ല. വിശ്രമവേളകളിൽ പുണ്യകഥകൾ വായിയ്ക്കുക. ശരണം വിളിയ്ക്കാതെ അന്യവീടുകളിൽ പ്രവേശിയ്ക്കരുത്. എല്ലാവരെയും സ്വാമിയെന്നു വിളിയ്ക്കുക. ശബരിമലദർശനം കഴിഞ്ഞ് വീട്ടിൽ കത്തിച്ച നിലവിളക്കിനു മുമ്പിൽ നാളികേരം ഉടച്ച് ശരണം വിളിയോടെയാണു മാല ഊരേണ്ടത്. തൊട്ടടുത്ത ക്ഷേത്രസന്നിധിയിലും ദർശനം നടത്തി മാല ഊരി വ്രതം അവസാനിപ്പിയ്ക്കാം.

## മാലയുമിട്ട് കറുപ്പുമുടുത്ത്

മാലയിടുന്നത് ഏതെങ്കിലും ക്ഷേത്രസന്നിധാനത്തിൽ വെച്ചാകുന്നത് നന്ന്. ഭഗവാന്റെ മുദ്ര(മാല) ധരിയ്ക്കുന്നതിന് ഏതു ദിവസവും കൊള്ളാമെങ്കിലും ശനിയാഴ്ചയോ ഉത്രം നക്ഷത്രമോ ആണ് ഫലപ്രദം. മാല ധരിയ്ക്കുമ്പോൾ ''മനസ്സാ വാചാ കർമ്മണാ ചെയ്തുപോയിട്ടുള്ള സകലപിഴകളും പൊറുത്ത് സ്വാമിയുടെ അനുഗ്രഹമുണ്ടായി മല ചവിട്ടി പതിനെട്ടാം പടി കയറി തൃപ്പാദം കണ്ടു വന്ദിച്ച് ദർശനഫലം ലഭിച്ച് സസുഖം എത്തുവാൻ അനുഗ്രഹിയ്ക്കേണമേ'' എന്നു ധ്യാനിയ്ക്കണം.മാല പലതുണ്ടെങ്കിലും രുദ്രാക്ഷമാല, തുളസിമാല ഇവ ഏറ്റവും വിശേഷം. മാല ഇട്ടു കഴിഞ്ഞാൽ അയാളെ മറ്റുള്ളവർ ''സ്വാമി'' എന്നോ ''അയ്യപ്പൻ'' എന്നോ സ്ത്രീ ആയിരുന്നാൽ ''മാളികപ്പുറത്തമ്മ'' എന്നോ വിളിയ്ക്കും.

## ആഴിയും പടുക്കയും

ഭഗവൽപ്രസാദത്തിനായി അയ്യപ്പന്മാർ ആഴിപൂജ നടത്തും. ഇതു വീട്ടിലോ പൊതുസ്ഥലത്തോ വനയാത്രയിൽ താവളസ്ഥലത്തോ നടത്താം. ആഴി പൂജ ഏറ്റവും പ്രധാനമാണ്. അഗ്നിയാകട്ടെ ഭഗവാന്റെ തിരുമുഖമാകുന്നു. അതിനാൽ ആഴിയെ പൂജിയ്ക്കുന്നത് ഭഗവാനെ പൂജിയ്ക്കുന്നതു തന്നെയാണ്.

## പള്ളിക്കെട്ട് - കെട്ടുമുറുക്ക്

ശബരിമലയാത്രയിലെ പ്രധാനാംശമാണ് കെട്ടുമുറുക്ക്. ഇതിനുപയോഗിയ്ക്കുന്ന സഞ്ചിയാണ് 'ഇരുമുടി'. സഞ്ചിയ്ക്കു മുൻകെട്ടെന്നും പിൻകെട്ടെന്നും രണ്ടു ഭാഗങ്ങൾ. കെട്ടിന്റെ വൈചിത്ര്യം കൊണ്ട് നടുക്ക് മൂന്നാമതൊരറയും കൂടി ഉണ്ടാക്കാം. ഇതിനെ നടുക്കെട്ടെന്നു പറയുന്നു.ഒരയ്യപ്പനാവശ്യമുള്ള മിയ്ക്ക സാധനങ്ങളും ഈ ഇരുമുടിക്കെട്ടിൽ കൊള്ളിയ്ക്കാൻ കഴിയും. സ്വാമിയ്ക്ക് അഭിഷേകത്തിനുള്ള നെയ്ത്തേങ്ങ, കർപ്പൂരം, കടുത്തസ്വാമിയ്ക്കുള്ള അവിൽ, മലർ, പൊടികൾ, കാണിയ്ക്ക, വഴിപാടുസാധനങ്ങൾ, അരി ഇവയും സാധനങ്ങളും മുൻകെട്ടിൽ നിറയ്ക്കുന്നു. പിൻകെട്ടിൽ ഭക്ഷണത്തിനുള്ള ഇതരപദാർത്ഥങ്ങൾ, സ്വാമി പൂജയ്ക്കുള്ള മറ്റു സാമഗ്രികൾ ഇവയും നിറയ്ക്കുന്നു. ഇവയിൽ പ്രധാനമായവ മുദ്ര സഞ്ചികളിൽ നിറച്ചാണ് കെട്ടിൽ നിക്ഷേപിയ്ക്കുന്നത്.ഗുരുവിന്റെ ആജ്ഞാനുസരണം ലക്ഷണയുക്തമായ നാളികേരത്തിൽ സ്വാമിയ്ക്ക് അഭിഷേകത്തിനുള്ള നെയ്യ് നിറച്ച് തയ്യാറാക്കി വയ്ക്കുന്നു.

ഏറ്റവും ഭക്തിയോടുകൂടി സ്വാമിയെ സ്മരിച്ചും ശരണം വിളിച്ചുമാണ് കർമ്മം അനുഷ്ഠിയ്ക്കേണ്ടത്.സ്വാമിയെ ധ്യാനിച്ച് ഉച്ചത്തിൽ ശരണം വിളിച്ച് വെറ്റില, അടയ്ക്ക, നാണയം, ഒരു നാളികേരം ഇവ ഒരുമിച്ച് ശ്രീ പരമശിവനെ സ്മരിച്ച് ഭക്തിയോടെ മുൻകെട്ടിൽ വാരി ഇട്ടു നിറയ്ക്കുന്നു. പിന്നീട് ഭക്തിപുരസ്സരം മൂന്നുപ്രാവശ്യം കൈനിറയെ അരി മുൻകെട്ടിൽ ഇടുന്നു. സ്വാമിയുടെ മുദ്രയായ നെയ്ത്തേങ്ങ ഭദ്രമായി അതിൽ വയ്ക്കുന്നു.

## ശബരിമലയിൽ തങ്ക സൂര്യോദയം

പുരാവൃത്തങ്ങളുടെ പഴംപെരുമയിൽ പൊന്നമ്പലമേട്ടിലെ മകരസംക്രമണ സന്ധ്യയിൽ തിളങ്ങുന്ന ദിവ്യജ്യോതിസ്സു കാണുന്ന ഭക്തസഹസ്രങ്ങൾക്ക് ദർശനസായൂജ്യം. യുക്തിയെ ഭക്തി കീഴടക്കുന്ന അഭൗമ തേജസ്സിന്റെ അഗ്നിജ്വാലകളത്രെ, ധനു രാശി മകര രാശിയിലേയ്ക്ക് സംക്രമിയ്ക്കുന്ന തൃസന്ധ്യയിൽ പൊന്നമ്പലമേട്ടിൽ തെളിയുന്നത്. ഈ വിശ്വാസത്തിന്റെ ശക്തിയാണ് മകരവിളക്കാവുന്നത്.

സൂര്യൻ ധനു രാശിയിൽ നിന്ന് മകരരാശിയിലേയ്ക്ക് കടക്കുന്ന സമയമാണ് മകര സംക്രാന്തി. കേരളത്തിൽ മകരസംക്രാന്തിയോടനുബന്ധിച്ചാണ് മകരവിളക്ക് ആരംഭിയ്ക്കുന്നത്. തമിഴ് നാട്ടിൽ മകരസംക്രാന്തിയുമായി ബന്ധപ്പെട്ടാണ് പൊങ്കൽ ഉത്സവം നടക്കുന്നത്.

## മകര വിളക്ക്

മകരമാസം ഒന്നാം തീയ്യതിയാണ് മകരവിളക്ക് ഉത്സവം ആരംഭിയ്ക്കുക. മാളികപ്പുറത്തമ്മയെ എഴുന്നെള്ളിച്ച് പതിനെട്ടാം പടിവരെ കൊണ്ട് വരും. പിന്നീട് 'വേട്ടവിളി'യെന്ന ചടങ്ങ് നടക്കും. 'കന്നി അയ്യപ്പന്മാർ വന്നിട്ടുണ്ടോ'? എന്ന് വിളിച്ച് ചോദിയ്ക്കുന്നതാണ് വേട്ടവിളി. ഏതെങ്കിലുമൊരു വർഷം കന്നി അയ്യപ്പന്മാർ മലചവിട്ടാതെ വരികയാണെങ്കിൽ അയ്യപ്പൻ മാളികപ്പുറത്തമ്മയെ വിവാഹം കഴിയ്ക്കാമെന്ന് സത്യം ചെയ്തിട്ടുണ്ടെന്നാണ് കഥ.

'കന്നി അയ്യപ്പന്മാർ വന്നിട്ടുണ്ടോ' എന്ന മാളികപ്പുറത്തമ്മയുടെ ചോദ്യത്തിന് 'ശരം കുത്തിയിൽ പോയി നോക്കൂ' എന്ന് ഉത്തരം നൽകുന്നു. കന്നി അയ്യപ്പന്മാർ മല കയറുന്നതിന് മുമ്പ് ശരംകുത്തിയിൽ ശരം കുത്തി നിർത്തും. ആലിന്റെ അടുത്ത് ചെന്ന് മാളികപ്പുറത്തമ്മ അവിടെ കുത്തിയശരങ്ങൾ കണ്ട് വിഷാദത്തോടെ തിരികെ പോകുന്നു. അടുത്ത കൊല്ലവും ഈ ചടങ്ങ് ആവർത്തിയ്ക്കും.

## ജ്യോതി ദർശനം പുണ്യ ദർശനം

മകരവിളക്ക് ചടങ്ങുകൾ സമാപിയ്ക്കുന്ന ദിവസം വൈകുന്നേരം ആകാശത്ത് മകര ജ്യോതി തെളിയും. മകരജ്യോതി കണ്ട് വന്ദിയ്ക്കുക എന്നത് ഓരോ അയ്യപ്പഭക്തനും ജന്മസാഫല്യമാണ്. മകര ജ്യോതി ആകാശത്ത് തെളിയുമ്പോൾ കൃഷ്ണപ്പരുന്ത് വട്ടമിട്ട് പറക്കും. ജനസഹസ്രങ്ങളാണ് ജ്യോതി ദർശനത്തിനായി ശബരിമലയിലെത്തുന്നത്.

## നെയ്യഭിഷേകം സ്വാമിയ്ക്ക്

പാലഭിഷേകപ്രിയൻ, നെയ്യഭിഷേകപ്രിയൻ...ശബരിമലവാഴും കുഞ്ഞയ്യപ്പനെ വാഴ്ത്താൻ വിശേഷണങ്ങളേറെ. വഴിപാടുകളാൽ സംപ്രീതനാവുന്നവനാണ് അഭയദായകനായ മണികണ്ഠൻ. ഭസ്മാഭിഷേകവും കളഭാഭിഷേകവും മുതൽ പുഷ്പാഭിഷേകം വരെ ഇഷ്ടമുള്ളവൻ. പക്ഷെ ധനസ്ഥിതിയല്ല ഇവിടെ പ്രാർത്ഥനയാണ് ഭഗവാന് കൂടുതൽ ഇഷ്ടം. അയ്യപ്പസന്നിധിയിൽ ഭക്തരർപ്പിയ്ക്കുന്ന വിവിധ വഴിപാടുകളെക്കുറിച്ച്.

## വെടിവഴിപാട്

സ്വാമിയെ ഉദ്ദേശിച്ച് പതിനെട്ടാം പടിയ്ക്കലും വാവരുസ്വാമിയെ ഉദ്ദേശിച്ച് വാവരുടെ നടയിലും മാളികപ്പുറത്തു ഭഗവതിയേയും മലനടയിൽ ഭഗവതിയേയും ഉദ്ദേശിച്ച് അതാതു നടകളിലും വെടിവഴിപാടു നടത്തുന്നു. നൂറ്റൊന്നു വെടിയും കൂട്ടവെടിയും നടത്തിയ്ക്കുന്നതും അസാധാരണമല്ല. കതിനാക്കുറ്റികളാണ് ഇതിനുപയോഗിയ്ക്കുന്നത്.

## അപ്പം വഴിപാട്

പ്രസാദം എന്ന നിലയിൽ അയ്യപ്പന്മാർ അപ്പം ഭവനങ്ങളിലേയ്ക്കു കൊണ്ടുപോകുന്നു. സാക്ഷാൽ നെയ്യപ്പം എന്നു ഇതിനെയാണ് പറയേണ്ടത്.വാർപ്പുകളിൽ ആർപ്പുവിളിച്ചുകൊണ്ട് നെയ്യ് തിളച്ചുകളിയ്ക്കുന്നതും കുന്നുകുന്നായി അപ്പം വാർപ്പുകളിൽ വാർത്തുകൂട്ടിയിരിയ്ക്കുന്നതും അത്ഭുതകരമായ കാഴ്ചയാണ്.

## ശയനപ്രദക്ഷിണം

ശയനപ്രദക്ഷിണം തങ്ങൾക്കുതന്നെയോ ആൾപ്പേരു മുഖാന്തിരമോ നടത്താവുന്നതാണ്. മാളികപ്പുറത്തു നിന്നും പുറപ്പെട്ട് 18ാം പടി ചുറ്റിയും 18ാംപടിയ്ക്കകത്തു നാലമ്പലവും ശ്രീകോവിലും ചുറ്റിയും ശയനപ്രദക്ഷിണം നടത്തുന്നു.

## പടി പൂജ

പടിപൂജ പ്രധാന വഴിപാടാണ്. മുൻകാലങ്ങളിൽ പന്ത്രണ്ട് വർഷങ്ങളിൽ ഒരിയ്ക്കൽ മാത്രമാണ് പടിപൂജ നടത്തികൊണ്ടിരുന്നത്. ഇപ്പോൾ മണ്ഡല-മകരവിളക്ക് തീർത്ഥാടന ഘട്ടം ഒഴികെ മലയാളമാസങ്ങളുടെ ആരംഭത്തിലും വിഷു, തിരുവോണം എന്നീ പുണ്യദിനങ്ങളോടനുബന്ധിച്ച് നടതുറക്കുമ്പോഴും പടി പൂജ നടത്താറുണ്ട്.അഭീഷ്ടകാര്യസിദ്ധിയ്ക്കായി അയ്യപ്പസന്നിധിയിലെ ചെലവേറിയ വഴിപാടാണ് പടി പൂജ.

പതിനെട്ടു പുരാണങ്ങളുടെ പ്രതീകമാണ് പതിനെട്ടാം പടിയെന്നും അതല്ല നാലു വേദം, ആറു ശാസ്ത്രം, ചതുരുപായങ്ങൾ, നാലു ജാതി എന്നിവയെ പ്രതിനിധാനം ചെയ്യുന്നതായും ചിലർ കരുതുന്നു. പൂങ്കാവനത്തിലെ 18 മലകളെ പ്രതിനിധാനം ചെയ്യുന്നതാണെന്നാണ് മറ്റൊരു സങ്കൽപം.

നിലവിളക്ക്, പുഷ്പങ്ങൾ, കർപ്പൂരം, സാമ്പ്രാണി, പൂമാലകൾ, കലശതുണികൾ, പടികളിൽ വിരിയ്ക്കാനുള്ള പട്ട്, നാളികേരങ്ങൾ എന്നിവയും പൂജാവേളയിൽ തന്ത്രി, മേൽശാന്തി, പരികർമ്മികൾ എന്നിവർക്കു ധരിയ്ക്കാനുള്ള വസ്ത്രങ്ങളുമാണ് പടിപൂജയ്ക്ക്

പ്രധാനമായും വേണ്ടത്. തന്ത്രിയാണ് മുഖ്യ കാർമികത്വം വഹിയ്ക്കുക.പടിപൂജയ്ക്ക് ദേവസ്വത്തിൽ 15,001 രൂപ മുൻകൂർ അടച്ചു ബുക്കു ചെയ്യണം.

**ഉദയാസ്തമയ പൂജ**

അയ്യപ്പ ചൈതന്യം വർദ്ധിപ്പിയ്ക്കുന്നതിനായി ഭക്തരുടെ ഇഷ്ടവഴിപാടാണ് ഉദയാസ്തമയ പൂജ. ഉഷ:പൂജയിൽ തുടങ്ങി അത്താഴപൂജയിൽ അവസാനിയ്ക്കുന്ന 18 പൂജകളുണ്ട്. ഉച്ചപൂജയ്ക്ക് 25 കലശം പൂജിച്ച് അയ്യപ്പവിഗ്രഹത്തിൽ ആറാടും. ഉദായാസ്തമയ പൂജയ്ക്ക് 10,001 രൂപ ദേവസ്വത്തിൽ അടച്ച് മുൻകൂട്ടി ബുക്ക് ചെയ്യണം.

**പറകൊട്ടി പാട്ട്**

സ്വാമി ഭക്തരുടെ ശനിദോഷമകറ്റാൻ മാളികപ്പുറത്തു പറകൊട്ടി പാട്ട്. പാലാഴിമഥനത്തെ തുടർന്ന് മഹാവിഷ്ണുവിന് ശനിദോഷം ബാധിച്ചു. പരമശിവൻ വേലനായും പാർവ്വതി വേലത്തിയുമായി എത്തി പാടി വിഷ്ണുവിൻെറ ശനിദോഷം മാറ്റിയത്രേ. ഇതിനെ അനുസ്മരിപ്പിയ്ക്കുന്ന ചടങ്ങാണ് മാളികപ്പുറത്തെ പറകൊട്ടിപാട്ട്.
മണിമണ്ഡപത്തിനു മുമ്പിലായി 15 വേലന്മാരാണ് പറകൊട്ടി പാടുന്നത്. മാടമൺ, വടശ്ശേരിക്കര, വെണ്ണിക്കുളം, തെള്ളിയൂർ, ചുനക്കര, തൃക്കൊടിത്താനം, ആറന്മുള എന്നിവിടങ്ങളിൽ നിന്നുള്ള വേലന്മാർ കേശാദിപാദം കഥ പാടിയാണ് ഭക്തരുടെ ശനിദോഷം മാറ്റുന്നത്. സർപ്പദോഷവും കണ്ണും നാവും ദോഷവും മാറ്റാൻ മാളികപ്പുറത്തെ നാഗരാജ നടയിൽ സർപ്പം പാട്ടുമുണ്ട്.

**ഹരിഹരനന്ദനചരിതം**

**'ആദിത്യ ചന്ദ്രന്റെ കണ്ണഴകോടെ ശ്രീമഹാദേവന്റെ മെയ്യഴകോടെ ശംഖും കഴുത്തിലോ**
**പൊന്നരയോടെ ശ്രീ ധനുമാസത്തിലുത്തിരം നാളിൽ പഞ്ചമിപ്പക്കം പിറന്നാളുണ്ണി '**

ഇതു ഭൂതഗണനാഥൻ അയ്യപ്പനെക്കുറിച്ചുള്ള കവിവചനം. ധർമ്മശാസ്താവിന്റെ ഉത്പത്തിയ്ക്ക് പുരാവൃത്തങ്ങളേറെ. അയ്യപ്പപുരാണങ്ങളിൽ അഗ്രസ്ഥാനത്താണ് 'ഭൂതനാഥോപാഖ്യനം'. ശ്രീഭൂതനാഥനെന്നും അറിയപ്പെടുന്ന ധർമ്മശാസ്താവിനെപ്പറ്റിയുള്ള കഥകൾ ഈ സംസ്കൃത ഗ്രന്ഥത്തിൽ 15 അധ്യായങ്ങളിലായി വിവരിയ്ക്കുന്നു.

ശാപഗ്രസ്തരായ ഋഷി ദമ്പതികളാണ് സത്യത്തിൽ അയ്യപ്പന്റെ ജനനത്തിന് ഹേതു. സൃഷ്ടി-സ്ഥിതി-ലയ ശക്തികളായ ബ്രഹ്മാവും വിഷ്ണുവും ശിവനും അത്രി-അനസൂയ എന്നീ ഋഷി ദമ്പതികളുടെ അഭീഷ്ടപ്രകാരം അവരുടെ ശക്തിയുടെ ഒരു ഭാഗം ചേർത്ത് ദത്തനു ജന്മമേകുന്നു. ദേവപത്നിമാരും അവരുടെ ശക്തി കൊണ്ട് ലീലയെയും സൃഷ്ടിയ്ക്കുന്നു. ദത്തൻ ലീലയെ വിവാഹം കഴിച്ചു. പക്ഷേ, വർഷങ്ങൾ കൊഴിയവെ ദത്തന് ലൗകീകജീവിതത്തിൽ വിരക്തിതോന്നി. ലീലയ്ക്കത് സമ്മതമായില്ല. കോപാകുലനായ ദത്തൻ അവൾ മന്ദബുദ്ധിയായ മഹിഷിയായി ജനിയ്ക്കട്ടെ എന്ന് ശപിച്ചു. അവളോടൊത്ത് കഴിയാൻ മഹിഷമായി ജനിയ്ക്കട്ടെ എന്ന് ലീല ദത്തനെയും ശപിച്ചു.ലീല കഠിന തപസ്സിനാൽ ബ്രഹ്മാവിനെ പ്രീതിപ്പെടുത്തി. ആഗ്രഹിയ്ക്കുമ്പോഴെല്ലാം രോമകൂപങ്ങളിൽ നിന്ന് തന്നെപ്പോലുള്ള ഭീകരജീവികൾ ആവിർഭവിയ്ക്കണമെന്നും വിഷ്ണുവിനും ശിവനും ജനിയ്ക്കുന്ന പുത്രനല്ലാതെ മറ്റാർക്കും തന്നെ വധിയ്ക്കാൻ സാദ്ധ്യമാകരുതെന്നും അവൾ വരം വാങ്ങി.

ഒരിയ്ക്കൽ, ക്ഷിപ്രകോപിയായ ദുർവ്വാസാവ് ദേവന്മാർക്ക് ജരാനര ബാധിയ്ക്കട്ടെ എന്ന് ശപിച്ചു. പാൽക്കടൽ കടഞ്ഞുണ്ടാകുന്ന അമൃതം സേവിയ്ക്കുക എന്നതായിരുന്നു മോക്ഷ മാർഗ്ഗം. ദേവാസുരന്മാർ പാൽക്കടൽ കടഞ്ഞു. അമൃതകുംഭം പൊന്തിവന്ന ഉടൻ അസുരന്മാർ അത് തട്ടിയെടുത്തു. ഇതു വീണ്ടെടുക്കാൻദേവന്മാർ വിഷ്ണുവിനെ അഭയം തേടി. വിഷ്ണു മോഹിനീ വേഷത്തിൽ അസുരപാളയത്തിലെത്തി അവരെ കബളിപ്പിച്ച് അമൃതകുംഭം കവരുന്നു. ഇതിനിടെ മഹേശ്വരൻ വിഷ്ണുവിന്റെ സ്ത്രീവേഷത്തിൽ അനുരക്തനായി. അവരുടെ സംസർഗത്തിൽ കൺഠത്തിൽ മണിയോടുകൂടിയ ഹരിഹരനന്ദനൻ ഭൂജാതനായി.

**പുലിപ്പാലു തേടുന്ന പന്തളകുമാരൻ**

ഭൂതലത്തിൽ മഹിഷി സുന്ദരമഹിഷവുമൊത്ത് വിഹരിച്ചിരുന്ന വനാന്തരങ്ങളിൽ പമ്പാതീരത്ത് ദേവകൾ മണികണ്ഠനെ കിടത്തി.

പന്തളം രാജാവ് രാജശേഖരൻ വേട്ടയാടി വനത്തിൽ എത്തുകയും പമ്പാതീരത്ത് ശിശുവിനെ കാണുകയും ചെയ്തു. കുട്ടികൾ ഇല്ലാതിരുന്ന അദ്ദേഹം കുട്ടിയെ കൊട്ടാരത്തിലേയ്ക്ക് കൊണ്ടുപോയി. അയ്യപ്പൻ എന്ന പേരിട്ട് വളർത്തി. രാജ്യത്തിന് അനന്തരാവകാശിയെ കിട്ടിയതിൽ രാജാവ് സന്തോഷിച്ചു. അപ്പോഴാണ് അപ്രതീക്ഷിതമായി രാജ്ഞി ഗർഭം ധരിയ്ക്കുകയും ഒരു പുത്രനെ പ്രസവിയ്ക്കുകയും ചെയ്യുന്നത്.

അയ്യപ്പനെ യുവരാജാവാക്കുന്നത് മന്ത്രി മുഖ്യന് ഇഷ്ടമായില്ല. അദ്ദേഹം രാജ്ഞിയെ സമീപിച്ച് സിംഹാസനം സ്വപുത്രന് നഷ്ടപ്പെടുമെന്ന കാര്യം ഓർമ്മിപ്പിച്ചു. അവരുടെ ഗൂഢാലോചനയനുസരിച്ച്, അയ്യപ്പനെ ഒഴിവാക്കാൻ രാജ്ഞി അസുഖം അഭിനയിച്ചു. രോഗം മാറാൻ മരുന്നു പുലിപ്പാലിൽ ചാലിച്ചു സേവിയ്ക്കണമെന്ന് മന്ത്രി ശട്ടം കെട്ടിയ കൊട്ടാരം വൈദ്യൻ നിർദ്ദേശിയ്ക്കുകയും ചെയ്തു. ധീരനായ അയ്യപ്പൻ വളർത്തമ്മയ്ക്കായ് ദൗത്യം ഏറ്റെടുത്തു.

പുലിവേട്ടയ്ക്ക് കാട്ടിലെത്തിയ അയ്യപ്പൻ അവിടെ മഹിഷിയെ കണ്ടുമുട്ടി. അവളുമായി ഭീകര യുദ്ധത്തിലേർപ്പെടുകയും നിഷ്പ്രയാസം നിഗ്രഹിയ്ക്കുകയും ചെയ്തു. ശാപമോക്ഷം കിട്ടിയ മഹിഷി, തന്നെ വരിയ്ക്കണമെന്ന് ശാസ്താവിനോട് പ്രാർത്ഥിച്ചു. നിത്യബ്രഹ്മചര്യവ്രതം നോറ്റുകഴിഞ്ഞിരുന്ന കുമാരൻ അവളുടെ അഭ്യർത്ഥന മാനിച്ചില്ല. പകരം എന്നെങ്കിലുമൊരിയ്ക്കൽ തന്നെത്തേടി താൻ വസിയ്ക്കാനിരിയ്ക്കുന്ന പൊന്നമ്പലത്തിൽ കന്നിമലക്കാർ വരാതായാൽ അന്ന് അവളെ വേട്ടുകൊള്ളാമെന്നു വരം നൽകി മാളികപ്പുറത്തമ്മയായി സ്വപക്ഷത്തു വാഴിയ്ക്കുകയും ചെയ്തു. മഹിഷിയുടെ സഹായത്താൽ

പുലിക്കൂട്ടത്തെ തന്നെ വരുതിയിലാക്കിയ അയ്യപ്പൻ പുലിമേൽ സഞ്ചരിച്ച് പുലിക്കൂട്ടവുമായി പന്തളത്ത് എത്തി. രാജാവിനും രാജ്ഞിയ്ക്കും മറ്റുള്ളവർക്കും അയ്യപ്പന്റെ ദിവ്യത്വം ബോധ്യമായി. അയ്യപ്പന്റെ ദിവ്യസാന്നിദ്ധ്യം ഒരു ക്ഷേത്രത്തിൽ സ്ഥായിയായി നിലനിർത്തി തലമുറകളുടെ മേൽ അനുഗ്രഹം ചൊരിയണമെന്ന് രാജാവും ജനങ്ങളും അദ്ദേഹത്തോട് പ്രാർത്ഥിച്ചു.


കലിയുഗവരദൻ എന്ന ഭാവത്തിൽ അയ്യപ്പന്റെ സാന്നിദ്ധ്യം എപ്പോഴും ഉണ്ടാകണമെന്ന് അവർ അപേക്ഷിച്ചു. ക്ഷേത്രം നിർമ്മിയ്ക്കുന്നതിനായി അയ്യപ്പൻ പുണ്യസ്ഥലം നിർദ്ദേശിച്ചു. അദ്ദേഹം നിർദ്ദേശിച്ച പ്രകാരം ശബരിമലയിലെ വനാന്തരത്തിൽ ക്ഷേത്രം നിർമ്മിയ്ക്കപ്പെട്ടു. പ്രതിഷ്ഠയുടെ അവസരത്തിൽ അഗസ്ത്യൻ, പരശുരാമൻ തുടങ്ങിയ ദിവ്യാത്മാക്കളുടെ സാന്നിധ്യം അവിടെ ഉണ്ടായി. പരശുരാമനാണ് വീരാസനത്തിൽ ചിന്മുദ്രയോടുകൂടി ഇരിയ്ക്കുന്ന ശ്രീ അയ്യപ്പന്റെ വിഗ്രഹം പ്രതിഷ്ഠിച്ചത്.

## സ്വാമിയ്ക്കു ചാർത്താൻ...


ആശ്രിതവത്സലൻ അയ്യപ്പനു ചാർത്താൻ വളർത്തച്ഛനായ പന്തളരാജാവ് നൽകിയ ആഭരണങ്ങൾ. പന്തളം കൊട്ടാരത്തിൽ നിന്നു കൊടുത്തയയ്ക്കുന്ന തിരുവാഭരണങ്ങൾ വർഷത്തിലൊരിയ്ക്കൽ മകര സംക്രമത്തിന്റെ പുണ്യദിവസം മാത്രമാണ് വിഗ്രഹത്തിൽ ചാർത്തുക. പന്തളം കൊട്ടാരത്തിൽ സൂക്ഷിയ്ക്കുന്ന ആഭരണപ്പെട്ടി കൃഷ്ണപ്പരുന്തിന്റെ അകമ്പടിയോടെ സന്നിധാനത്തിലേയ്ക്കു കൊണ്ടു വരുന്നതും കൊണ്ടുപോകുന്നതും പുണ്യമായ മറ്റൊരു അനുഷ്ഠാനമാണ്, പുണ്യദർശനം തന്നെയാണ്.

മകരസംക്രമപൂജ തുടങ്ങുന്നതിനു മുമ്പ് അയ്യപ്പവിഗ്രഹത്തിൽ തിരുവാഭരണം അണിയിയ്ക്കുന്നു. 90 കിലോമീറ്റർ അകലെയുള്ള പന്തളം കൊട്ടാരത്തിൽ നിന്നാണ് തിരുവാഭരണം സന്നിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നത്. പൂജയ്ക്കു ശേഷം അത് കൊട്ടാരത്തിലേയ്ക്ക് കൊണ്ടുപോകുന്നു. ധനു മാസം 25ന് പന്തളം അയ്യപ്പക്ഷേത്രത്തിൽ നിന്ന് പുറപ്പെടുന്ന സമയം മുതൽ ശബരിമല ദർശനത്തിന് ശേഷം പന്തളത്ത് തിരിച്ചു ചെല്ലുന്നത് വരെ തിരുവാഭരണ വാഹകരും പന്തളം തമ്പുരാനും കാൽനടയായി സഞ്ചരിയ്ക്കുന്നു.

ഭക്തർ ആടിയും പാടിയും തിരുവാഭരണപ്പെട്ടിയെ അനുഗമിയ്ക്കുന്നു. ഇതാണ് തിരുവാഭരണ ഘോഷയാത്ര. തിരുവാഭരണപ്പെട്ടിയിലുള്ള ചെറിയ ചുരിക പന്തളം തമ്പുരാൻ മകരമാസം മൂന്നാം തീയ്യതി ശബരിമല ക്ഷേത്രനടയിൽ വയ്ക്കുമ്പോഴാണ് തിരുവാഭരണങ്ങൾ അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നത്. ആഭരണം ചാർത്തിക്കഴിഞ്ഞാൽ മറ്റ് വഴിപാടുകൾ നടത്തുമ്പോൾ ആഭരണം വിഗ്രഹത്തിൽ നിന്ന് മാറ്റാറില്ല. തിരുവാഭരണം ധരിച്ച അയ്യപ്പ വിഗ്രഹം കണ്ട് തൊഴുക എന്നത് അയ്യപ്പ ഭക്തർക്ക് നിർവൃതിദായകമാണ്.









# WORSHIP OF THULASI & PEEPAL TREE

Mohan Nair

Thulasi should be worshipped by prostrating before it. As it is not tall the oxygen passed out from the plant, along with its positive energy, can be obtained only at the lower level. Whereas the Peepal tree should be worshipped by going around it, to get the full effect of the oxygen and the positive energy. The oxygen layer is very close to the leaves of the tree and as these leaves shake at the slightest breeze, it passes the energy more effectively. While going round the tree, our negative energy passes out of us through our right side and is absorbed by the tree and transformed into positive energy. This is passed on to us when we go round the tree.

## MEASURING THE ENERGY

All flowers that are used in the temple for Pooja are proved to have positive energy.

Gingerly oil is proved to have more positive energy than other medium. Hence, best for lighting the lamp.

The fresh sandal paste given from the temple has more positive energy than the one, which is kept for a day or 2.

The use of the traditional wick lamps is very effective in passing out the energy, as there is regular movement for the flame. The energy is passed out through the waves of movement. So the lighting of electric lamp does not serve the purpose of passing the energy.

## AURA & ITS MEASUREMENT

There are various rings around us that form the aura of our body. The first is our Åšareeramâ or the body itself. The next is Ãthmaâ or the soul. The third is Manasâ or the mind. The fourth is â vighnÃnamâ or knowledge. And the last is Anandam Or happiness. This aura can be measured scientifically by the rods. A personâs aura was measured and was found to be of one-foot radius. The same person was asked to chant prayers for a few minutes. Then, again, his aura was measured. The radius of the aura had increased by another foot and showed two feet. This proves the positive effect of prayers.

## ASPECTS REGARDING SLEEP

Normally children are found rolling a lot in their sleep. It is proved that they do so because their bodies can detect the positive energy even in sleep. When they roll they move to the place where there is positive Energy. If their cot is moved permanently to this place, they stop rolling. This is applicable to older people also.

We are asked to sit and chant prayers before we go to bed and also chant them before getting up. It has been proved that 23% of the heart attacks occur when people lie down.

This is because; a person who has been vertical the whole day suddenly lies down causing an irregularity in the heartbeats. So, to stabilise this, it is proved that sitting on the bed and chanting prayers for 2 minutes will be effective, & it has the same effect when done before getting up also. It is proved that chanting NÃrÃyaÃ±a nÃmamâ 108 times comes to exactly 2 minutes.

**WHY IS IT CONSIDERED A BAD OMEN WHEN A CAT CROSSES OUR PATH WHEN WE GO OUT?**

**Cat is an animal, which has only negative energy. When a cat crosses, it leaves behind, the negative energy in its path. So, when we cross this path, we are affected by the negative energy and will not succeed in our venture.**

**ANY OBJECTâS ENERGY COULD BE MEASURED**

**One such object is the cell phone.. This is a thing with negative energy. This can be made positive. A picture of a God was placed on the cell phone, in such a way that the picture was facing the phone. The energy was still negative. Then the picture was turned and kept so that it faced the user. The energy immediately became positive. A small sticker of any God is sufficient to make it positive.**

**ASPECTS REGARDING ENERGY IN HOUSES**

**In the present living conditions, people mostly live in small houses or in flats. In such situations it is difficult to follow the VÃSTHU SASTHRAM. It is proved that it is enough if the house has a Pooja room. This room will be able to cover the whole area of the house and harmonise the energy. Whereas in a big house the area is too much for just a small Pooja room to harmonise the energy. In such cases the VÃSTHUâ should be followed.**

**Pictures of Gods or Goddesses, if kept in the entrance of the house is proved to ward off all negative energy.**

**In a personâs life of 60 years, he spends nearly 20 years in bed. So the bedroom should be kept clean and bathroom must be kept closed always. This is because; we eliminate all our wastes in the bathroom. The wastes are full of negative energy. When the door is kept open, this negative energy passes out into the bedroom and affects the occupants.**

**Keeping a flower vase with plastic or artificial flowers in the corner of a room is equal to the garbage bin.. It is proved that these flowers absorb all negative energies in the room caused due to arguments or ill thoughts. So, the flower vase with plastic flowers should not be kept in the centre of a room or on the dining table. This is a harmoniser of energies. Garbage bins are never kept in the centre of a room.**

**Chanting prayers in a group is very good for the house. It activates the positive energy & spreads to all parts of the house. If this is not possible, keeping tapes of devotional songs melodious music & prayers will also give the same effect.**



**OM NAMO BHAGAVATHE VASUDEVAYA**



## 'Krishna' in Jainism
Balagopal Ramakrishnan

The most exalted fugures in Jainism are the 24 Tirthankaras. Krishna when he was incorpoarted into the Jain list of herioc figures presented a problem with his activities which are not pacifist or non-violent. The concept of Baladeva, Vasudeva and Prati-Vasedeva was used to solve it. The Jain list of 63 Shalakapurshas or notable figures includes amongst others, the 24 Tirthankaras and 9 sets of this triad. One of these traids is Krishna as the Vasudeva, Balarama as the Baladeva and Jarasandha as the Prati-Vasudeva. The stories of these triads can be found in Harivamsha of Jinasena (not be confused with its namesake, the addendum to Mahabharata) and the Trishashti-shalakapurusha-charita of Hemachandra.

In each age of the Jain cyclic time is born a Vasudeva with an elder brother termed the Baladeva. The villain is the Prati-vasudeva. Baladeva is the upholder of the Jain principle of non-violence. However Vasudeva has to forsake this principle to kill the Prati-Vasudeva and save the world. The Vasudeva then has to descend to hell as punishment for this violent act. Having undergone the punishment he is then reborn as a Tirthankara.

## Sphotavada

The word ‘sphota’ is not easy to translate into the English language. It is somewhat similar to the Ancient Greek concept of logos. The term, Sphota, is derived from the root 'sphut' which means 'to burst', but is also described as 'is revealed' or as 'is made explicit'.

The traditional Vedic view of the cosmos is one of constant and cyclical creation and dissolution. At the dissolution of each creative cycle a seed or trace (samskara) is left behind out of which the next cycle arises. What is significant here is that the nature of the seed from which each cycle of creation bursts forth is expressed as "Divine Word" (daivi-vak). If language is of divine origin, it can be conceived as being Brahman expressing and embodying itself in the plurality of phenomena that is creation. According to Bhatrhari, the origin of creation is the Sabda-brahman (the supreme word principle).

In his famous work, the Vakyapadiya, Bhatrhari explains Sphotavada – a monistic philosophy based on Sanskrit grammar.

The 'sphota' theory tries to depict “the mysterious manner by which meaning is conveyed in sentences” which is a cognitive approach to the “intuitive perception of the Absolute as Sabda-Brahman”

courtesy:
1) **http://www.rationalvedanta.net/bios/vedantists/bhatrhari**

2)http://www.mahavidya.ca/wp-content/uploads/2008/06/barteaux-kathleen-sphota.pdf

# Group News / Member News



**Our group Member Arun Pillai with his cute daughter "Chinmayi" requesting your blessings**



**Our group Member Sunil with Anu & Aarna, requesting your blessings**

## Dhaynam



**Om Namo Narayanaya: Om Namo Narayanaya: കൃഷ്ണാ ഗുരുവായൂരപ്പാ!**

*Please email us at navaneetham@guruvayoor.com with your name and brief introduction to have your name appear in this section, also please email us your comments, suggestions, articles for Navaneetham June issue to editor@guruvayoor.com*

Sources, credits and copyright acknoledgements
- Krishna pictures/Artwork courtesy of
The Bhaktivedanta Book Trust International, Inc.
google picture searches
www.flickr.com
http://www.krishna.com
http://4.bp.blogspot.com/_fNECgCVKCxs/SKfElKHCHyI/AAAAAAAAAOo/Ez99GvTpZGM/s1600-h/PTA13.jpg
www.kacha-stones.com

*Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.*



**Om Namo Bhagavathe Vasudevaya! കൃഷ്ണാ ഗുരുവായൂരപ്പാ! Om Namo Narayanaya:**

May God Bless you all.